# ഗുരു വൈഖരി

അദ്വയ വിദ്യാർത്ഥി യൂണിയൻ 2024 - 25

## ഫാറൂഖ് ട്രെയ്നിംഗ് കോളേജിന് കെ.ഐ.ആർ.എഫിൽ രണ്ടാംറാങ്ക്



ഫറോക്ക് : സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അക്കാദമിക് മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (കെ.ഐ.ആർ.എഫ്) റാങ്കുകൾ പ്രഖ്യാപിച്ചു.

ടീച്ചർ എഡ്യുക്കേഷൻ കോളേജുകളുടെ വിഭാഗത്തിൽ ഫാറൂഖ് ട്രെയ്നിംഗ് കോളേജ് രണ്ടാം റാങ്ക് കരസ്ഥമാക്കി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർ ദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്താനും ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് സ്ഥാപനങ്ങൾ തിരഞ്ഞെടുക്കാനും സഹായമാകാൻ സർക്കാർ ആരംഭിച്ച സംവിധാനമാണിത്.

ഫാറൂഖ് ട്രെയ്നിംഗ് കോളേജിനെസംബന്ധിച്ചിടത്തോളം ഇത് അഭിമാനകരമായ നേട്ടമാണന്ന് പ്രിൻസിപ്പൽ പ്രൊഫ. ഡോ. ടി. മുഹമ്മദ് സലീം പറഞ്ഞു.

## ഫാറൂഖ് ട്രെയ്നിംഗ് കോളേജ് യൂണിയൻ ഉദ്ഘാടനം നടന്നു



ഫറോക്ക് : ഫാറൂഖ് ട്രെയ്നിംഗ് കോളേജ് വിദ്യാർത്ഥി യൂണിയൻ ഉദ്ഘാടനം 2024 നവംബർ 4 ന് നടന്നു. ബഹു. പാർലമെന്റ് അംഗം എം. പി. അബ്ദുസ്സമദ് സമദാനി 2024-25 വർഷത്തെ വിദ്യാർത്ഥി യൂണിയൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. യൂണിയൻ ചെയർപേഴ്സൺ ഡിജോ ജോസ് അധ്യക്ഷസ്ഥാനം വഹിച്ച ചടങ്ങിൽ യൂണിയൻ ജനറൽ സെക്രട്ടറി ബർജിസ് സ്വാഗതമറിയിച്ചു. ഫാറൂഖ് ട്രെയ്നിംഗ് കോളേജ് പ്രിൻസിപ്പാളും കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗവുമായ ഡോ. പ്രൊഫ. ടി മുഹമ്മദ് സലീം, യൂണിയൻ അഡ്വൈസർ ഡോ.കെ.എം. ഷരീഫ്, യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ ഷാദിൽ.എം എന്നിവർ സംസാരിച്ച പരിപാടിയിൽ ജോയിന്റ് സെക്രട്ടറി അഹ്ബ മുഹമ്മദ് നന്ദിയറിച്ചു.

## അദ്വയ വിദ്യാർത്ഥി യൂണിയൻ ഫൈൻ ആർട്സ് ഉദ്ഘാടനം നടന്നു

ഫാറൂഖ് ട്രെയ്നിംഗ് കോളേജ് അദ്വയ വിദ്യാർത്ഥി യൂണിയൻ ഫൈൻആർട്സ് ഉദ്ഘാടനം നടന്നു. പ്രശസ്ത കലാകാരനും റിയാലിറ്റി ഷോ ജഡ്ജുമായ ഫൈസൽ എളേറ്റിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഫൈനാർട്സ് സെക്രട്ടറി വൈഷ്ണവ് ഇ.പി അധ്യക്ഷസ്ഥാനം വഹിച്ച ചടങ്ങിൽ വൈസ് ചെയർപേഴ്സൺ ഫാത്തിമ ഫിദ സ്വാഗതമറിയിച്ചു. ഫൈൻ ആർട്സ് ഇൻചാർജ് ഡോ. രേഖ പി., ജനറൽ ക്യാപ്റ്റൻ സായ് ശ്രുതി എന്നിവർ ആശംസയറിയിച്ച ചടങ്ങിൽ മാഗസിൻ എഡിറ്റർ അസ്മിന എൻ. പി നന്ദി പറഞ്ഞു.



## പുസ്തക പ്രകാശനം



ഫറോക്ക്: ഫാറുഖ് ട്രെയ്നിംഗ് കോളേജ് മുൻ അധ്യാപകൻ തെക്കേപ്പാട്ട് ബാലകൃഷ്ണൻ രചിച്ച 'കൗതുക ഗണിത പരമ്പര'പുസ്തകങ്ങൾ കാലിക്കറ്റ് സർവകലാശാലാ രജിസ്ട്രാർ ഡോ.ഇ.കെ.സതീഷ് പ്രകാശനം ചെയ്തു. കോളേജ് മാനേജിംഗ് കമ്മിറ്റി വൈസ് പ്രസിഡന്റ് പ്രൊഫ .എ.കുട്ട്യാലിക്കുട്ടി പുസ്തകങ്ങൾ ഏറ്റുവാങ്ങി. പ്രിൻസിപ്പൽ പ്രൊഫ. ഡോ. ടി. മുഹമ്മദ് സലീം അദ്ധ്യക്ഷത വഹിച്ചു. എഡിറ്റർമാരായ ഡോ. കെ.വിജയകുമാരി, ഡോ.റിഷാദ് കോലോത്തുംതൊടി, അസോസിയേറ്റ് എഡിറ്റർ കെ.ബഷീർ, ഐ.ക്യു.എ.സി കോർഡിനേറ്റർ ഡോ. കെ.പി.നിരഞ്ജന, സ്റ്റാഫ് സെക്രട്ടറി ഡോ.അഫീഫ് തറവട്ടത്ത് എന്നിവർ സംസാരിച്ചു.

അക്കങ്ങളും സംഖ്യകളും, സംഖ്യകളും അക്കങ്ങളും നൂറ്റാണ്ടുകളിലൂടെ, സംഖ്യാകൗതുകം, ജാലചതുരങ്ങൾ എന്നിവയാണ് കോളേജ് ഐ ക്യു എ സി പബ്ലിക്കേഷൻ വിഭാഗം പ്രസിദ്ധീകരിക്കുന്ന കൗതുക ഗണിത പരമ്പരയിലെ 4 പുസ്തകങ്ങൾ.

## 'കൂട് ' ഒന്നാംഘട്ട ധനസമാഹരണം കൈമാറി



ഫാറൂഖ് ട്രെയ്നിംഗ് കോളേജ് എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ നോഡൽ ഏജൻസിയായി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയായ 'കൂടി' ന്റെ ആദ്യഘട്ട ധനസമാഹരണ തുകയായ 3,20,286 രൂപ വിദ്യാർത്ഥികളിൽ നിന്ന് സ്വരൂപിച്ചു. കോളേജിലെ മുഴുവൻ വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ് ഈ തുക സമാഹരിച്ചത്. പ്രസ്തുത തുക ഫാറൂഖ് ട്രെയ്നിംഗ് കോളേജ് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസറും കോഴിക്കോട് ജില്ല എൻ.എസ്.എസ് കോഡിനേറ്ററുമായ ഫസീൽ അഹമ്മദ്, ഫസ്റ്റ് ഇയർ ബി .എഡ് കോഡിനേറ്റർ ഡോ അസീൽ അബ്ദുൽ വാഹിദ്, അധ്യാപകൻ റെസീം ഹാറൂൺ, കൂട് ക്ലാസ് കോർഡിനേറ്റർസ് എന്നിവരുടെ നേതൃത്വത്തിൽ പ്രിൻസിപ്പൽ പ്രൊഫ ഡോ.ടി മുഹമ്മദ് സലീമിന് കൈമാറി.

## കാലിക്കറ്റ് യൂണിവേഴ്സിറ്റി എൻ.എസ്.എസ്. കലോത്സവം നടത്തി ഫാറൂഖ് ട്രെയ്നിംഗ് കോളേജ്




ഫറോക്ക് : കാലിക്കറ്റ് യൂണിവേഴ്സിറ്റി എൻ.എസ്.എസ് കലോത്സവം 'ഗ്വർണിക്ക ഉയിർപ്പിന്റെ കാഹളം -2024' നടത്തി ഫാറൂഖ് ട്രെയ്നിംഗ് കോളേജ്. നവംബർ 22, 23, 24 എന്നീ മൂന്ന് ദിവസം നീണ്ടു നിന്ന കലോത്സവത്തിൽ 45 ലധികം ഇനങ്ങളിലായി 2000 ത്തോളം എൻ.എസ്.എസ് വളണ്ടിയേഴ്സ് മാറ്റുരച്ചു. 22/11/2024 വെള്ളിയാഴ്ച വിവിധ മത്സരങ്ങളോടുകൂടി കലോത്സവം ആരംഭിച്ചു. 23/11/24 തീയതി കാലിക്കറ്റ് യൂണിവേഴ്സിറ്റി എൻ.എസ്.എസ് കോഡിനേറ്റർ ഡോ .എൻ .എ ശിഹാബ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഫാറൂഖ് കോളേജ്, ഫാറൂഖ് ട്രെയ്നിംഗ് കോളേജ്, ഫാറൂഖ് ടീച്ചേഴ്സ് ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലായി 8 മത്സരവേദികൾ ഉണ്ടായിരുന്നു. കോഴിക്കോട്, മലപ്പുറം, വയനാട്, തൃശ്ശൂർ പാലക്കാട് എന്നീ അഞ്ചു ജില്ലകളിൽ നിന്നുള്ള 240 എൻ.എസ്.എസ് യൂണിറ്റുകൾ പങ്കെടുത്ത കലോത്സവത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി കോഴിക്കോട് ഗവൺമെൻറ് കോളേജ് ഓഫ് ടീച്ചേഴ്സ് എഡ്യൂക്കേഷൻ. സെൻറ് ജോസഫ് കോളേജ് ദേവഗിരി, ഫാറൂഖ് കോളേജ് എന്നിവർ രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി. വിദ്യാർത്ഥികളിൽ സാമൂഹ്യസേവന മനോഭാവം ഉണർത്തുന്നതിനോടൊപ്പം സർഗാത്മക മൂല്യത്തിനും പ്രാധാന്യം കൊടുക്കുക എന്നതാണ് ഗ്വർണിക്കയുടെ ലക്ഷ്യം. 23/11/24 ഞായറാഴ്ച നടന്ന സമാപന സമ്മേളനത്തിൽ സംസ്ഥാന എൻ.എസ്.എസ് കോഡിനേറ്റർ അൻസാർ ആർ. എൻ ഉദ്ഘാടന കർമ്മം നിർവഹിച്ചു. തുടർന്ന് കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലുള്ള വിവിധ എൻ.എസ്.എസ് യൂണിറ്റുകളിലെ പ്രോഗ്രാം ഓഫീസർമാർ ആശംസകൾ അറിയിച്ചു സംസാരിക്കുകയും മത്സര വിജയികൾക്ക് സർട്ടിഫിക്കറ്റുകളും ട്രോഫികളും കൈമാറുകയും ചെയ്തു.

### ചിത്രകല




അർച്ചന വി.എസ്.
1st year, B.Ed. ഫിസിക്കൽ സയൻസ്

## ഫാറൂഖ് ട്രെയ്നിംഗ് കോളേജിന് സംസ്ഥാന എൻ. എസ്. എസ് പുരസ്കാരം



ഫാറൂഖ് കോളേജ്: സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പും സംസ്ഥാന എൻ. എസ്. എസ് സെല്ലും നടപ്പിലാക്കിയ സ്നേഹാരാമം പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് ഫാറൂഖ് ട്രെയ്നിംഗ് കോളേജ് എൻ.എസ്.എസ്. യൂണിറ്റിന് സംസ്ഥാന എൻഎസ് എസ് പുരസ്കാരം ലഭിച്ചു.

തിരുവനന്തപുരം നിശാഗന്ധിയിൽ വെച്ച് നടന്ന സംസ്ഥാന എൻ. എസ്. എസ് പുരസ്കാര വിതരണ ചടങ്ങിൽ വെച്ച് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദുവിൽ നിന്നും എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഫസീൽ അഹമ്മദ് , വളണ്ടിയർമാർ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

ബിഎഡ് കോളേജുകളിൽ എൻ.എസ്.എസ് യൂണിറ്റ് അനുവദിച്ചു കിട്ടിയത് മുതൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് ഫാറുഖ് ട്രെയ്നിംഗ് കോളേജ് കാഴ്ച വെക്കുന്നത്.

വൃദ്ധസദനത്തിലെ അന്തേവാസികൾക്കായി നടപ്പിലാക്കിയ കൃഷി തീരം പദ്ധതി, തെളിച്ചം രക്ഷാകർതൃ ശാക്തീകരണ പദ്ധതി, സ്കൂൾ അഡോപ്ഷൻ പദ്ധതികൾ, മഴവില്ല് സ്പെഷ്യൽ സ്കൂൾ ശാക്തീകരണ പദ്ധതി, ഗ്വർണിക്ക സർവകലാശാല കലോത്സവങ്ങൾ, നിഷ്ഠ എന്ന പേരിൽ വനിതകൾക്കായുള്ള കായിക സാക്ഷരത പദ്ധതികൾ, സ്വച്ഛതാ പ്രവർത്തനങ്ങൾ, സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ശിശുക്ഷേമ പദ്ധതികൾ എന്നിങ്ങനെയുള്ള നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്.

കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്കും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും കഴിഞ്ഞ വർഷം യൂണിറ്റിന് സംസ്ഥാന പുരസ്കാരം ലഭിച്ചിരുന്നു.

## STAFF EDITORIAL

# ഗുരു വൈഖരി

വിദ്യാർത്ഥികളുടെ സർഗപരതയെ പ്രോത്സാഹിപ്പിക്കുന്നതിൽ എന്നും മുൻപന്തിയിലാണ് കലാലയങ്ങൾ. ഭാവനയും യാഥാർത്ഥ്യവും ഇടകലർന്ന ചിന്തയുടെയും യുക്തിഭദ്രമായ ഇടപെടലുകളുടെയും അരങ്ങാണ് ഓരോ ക്യാമ്പസും. സജീവമായ കലാലയ ജീവിതത്തിന്റെ ഉൾതുടിപ്പുകൾ പ്രകടിപ്പിക്കാനും അവ വേണ്ട വിധം തേച്ച് മിനുക്കിയെടുക്കാനും ധാരാളം അവസരങ്ങൾ കലാലയങ്ങളിൽ ലഭ്യമായവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കലാലയ പ്രസിദ്ധീകരണങ്ങൾ. ഇവിടെ, നമ്മുടെ ക്യാമ്പസിൽ അത്തരം ഒരു വേദി അതിന്റെ തിരശ്ശീല ഉയർത്തുകയാണ്. അധ്യാപക വിദ്യാർത്ഥികൾക്ക് അവരുടെ ചിന്തകളെ ചിന്തേരിടാനുള്ള മികച്ച അവസരമാണ് അദ്വയ വിദ്യാർത്ഥി യൂണിയൻ ഒരുക്കുന്നത്. ഈ മുന്നേറ്റം പ്രതീക്ഷാ നിർഭരമാണ്. ഓരോ വിദ്യാർത്ഥിക്കും അവരുടെ കഴിവുകളെ വ്യത്യസ്തമായി അവതരിപ്പിക്കുവാനുള്ള മികച്ച ഇടമായി ഇത് മാറേണ്ടതുണ്ട്. ഏവരാലും ആകർഷിക്കപ്പെടുന്ന അറിവിന്റെയും സർഗപരതയുടെയും ഉയർന്ന തലമായി ഇതിനെ നിലനിർത്താൻ സാധിക്കട്ടെ. ഒരു സാധാരണ കലാലയ പതിപ്പ് എന്നതിനപ്പുറത്തേക്ക് ഉള്ളടക്കം, ആശയ വ്യക്തത, കലാപരത, നവസാങ്കേതിക വിദ്യ എന്നിവ കൊണ്ട് അദ്വയയുടെ ഈ പതിപ്പ് ഉയരുക തന്നെ ചെയ്യും. അത്തരത്തിൽ കലയുടെയും സംസ്കാരത്തിന്റെയും വിളനിലമായി ഓരോ പതിപ്പുകളും മാറട്ടെ, തിരിഞ്ഞു നോക്കുമ്പോൾ അഭിമാനിക്കാനാവുന്ന ഒരു റഫറൻസ് രേഖയായി സൂക്ഷിക്കാനാവും വിധം ഈ ഉദ്യമം വളരട്ടെ എന്ന് പ്രത്യാശിക്കുകയാണ്.

**പ്രൊഫ. ടി. മുഹമ്മദ് സലിം**
**പ്രിൻസിപ്പൽ**

## STUDENT EDITORIAL

# വിദ്യാർത്ഥികളെ ബലിയാടുകളാക്കുന്ന ഈ അവസ്ഥയ്ക്ക് ആര് മറുപടി പറയും ?

ചിലന്തി അതിന്റെ വല നെയ്തെടുക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? വൃത്തിയും ഭംഗിയുമുള്ള വല അത് നെയ്തെടുക്കുന്നത് നീണ്ട പരിശ്രമത്തിനൊടുവിലാണ്. ഘട്ടംഘട്ടമായി, ക്ഷമയോടെ, സൂക്ഷ്മവും സൗന്ദര്യാത്മകവുമായി അത് വല നെയ്തെടുക്കുന്നു. അതിന്റെ ഓരോ ചലനവും കൃത്യവും സ്പഷ്ടവുമാണ്. ലക്ഷ്യത്തിലേക്കെത്താനുള്ള കഠിനാധ്വാനമാണ് ഓരോ ഘട്ടത്തിലും അത് നിർവ്വഹിക്കുന്നത്. ചിലന്തി അത്രയേറെ അധ്വാനിച്ച് നിർമ്മിച്ച വല ഒരിളം കാറ്റിൽ തകർന്നു പോകാം. തകർന്നാലും അത് വീണ്ടും ക്ഷമയോടെ വല പുനഃനിർമ്മിക്കുന്നു ഏതാണ്ട് ഇതേ രീതിയിലാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ബി. എഡ് വിദ്യാർത്ഥികളുടെ അവസ്ഥയും.

പലതരം പ്രശ്നങ്ങൾക്കിടയിലും തന്റെ സ്വപ്നങ്ങളുടെ സാക്ഷാത്കാരത്തിനായി കഠിനമായി അധ്വാനിക്കുന്നു. മത്സരങ്ങളുടെ കാലത്ത് അതിനോട് പൊരുത്തപ്പെടാൻ ശ്രമിക്കുന്നു. നിരന്തര പരിശ്രമം, നിരവധിപ്രായോഗിക പ്രവർത്തനങ്ങൾ, നിരീക്ഷണങ്ങൾ, ഇന്റേൺഷിപ്പുകൾ ഓരോ സെമസ്റ്ററിലും അവസാനം കടന്നു വരുന്ന സെമസ്റ്റർ പരീക്ഷ മാനസികമായും ശാരീരികമായും ഈ ഓരോ ഘട്ടത്തെയും തരണം ചെയ്തു കൊണ്ടാണ് , കഠിന പരിശ്രമത്തിനൊടുവിലാണ് വിദ്യാർത്ഥികൾ ലക്ഷ്യത്തിലേക്കെത്തുന്നത്. എന്നാൽ, സെമസ്റ്റർപരീക്ഷകളുടെ ഘടനയും ചോദ്യപേപ്പറുകളുടെ സ്വഭാവവും അവരുടെ ഈ പരിശ്രമങ്ങളെ നിരസിക്കുന്നതുപോലെ അനുഭവപ്പെടുന്നു.

ബി.എഡ് കോഴ്സിന്റെ രണ്ട് വർഷത്തെ പഠനത്തിൽ, വിദ്യാർത്ഥികൾകളുടെ നിലവാരം വിലയിരുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് സെമസ്റ്റർ പരീക്ഷകളാണ്. ഇവയുടെ പിഴവില്ലാത്ത നടത്തിപ്പാണ് കോഴ്സിന്റെ ഫലപ്രാപ്തി നിർണ്ണയിക്കുന്നതും വിദ്യാർത്ഥികളുടെ പരിശ്രമങ്ങൾക്ക് യഥാർത്ഥ വില നൽകുന്നതും. എന്നാൽ, ബി.എഡ് ഒന്നാം സെമസ്റ്റർ ഇംഗ്ലീഷ് വിദ്യാർത്ഥികളുടെ ചോദ്യപേപ്പറിൽ 36 മാർക്കിന്റെ ചോദ്യങ്ങൾ മറ്റു സെമസ്റ്ററിലെ പാഠഭാഗങ്ങളിൽ നിന്നും വന്നത് ഈ വർഷത്തെ പരീക്ഷകളുടെ ചോദ്യപേപ്പറിൽ ഉണ്ടായ പിഴവുകളിൽ ഒന്നാണ്. വിദ്യാർത്ഥികളുടെ പഠനവും അധ്വാനവും സാധാരണ രീതിയിൽ വിലയിരുത്തുക മാത്രമല്ല, അവരുടെ ആത്മവിശ്വാസത്തെ തകർക്കുന്ന തരത്തിലായിരുന്നു ഈ പാളിച്ച.

ഇത്തരം പിഴവുകൾ മുൻവർഷങ്ങളിലും ആവർത്തിച്ചിരുന്നു. മുൻവർഷത്തെ സെമസ്റ്റർ പരീക്ഷയിലും ഏകദേശം മുപ്പതോളം മാർക്കിന്റെ ചോദ്യങ്ങൾ മറ്റൊരു സെമസ്റ്ററിന്റെ പാഠങ്ങളിൽ നിന്നായിരുന്നു ഉൾപ്പെടുത്തിയിരുന്നത്.

പുനഃപരീക്ഷ എന്ന പ്രക്രിയ നടത്തി പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചെങ്കിലും, പിഴവുകൾ ആവർത്തിക്കുന്നത് അദ്ധ്യാപന പരിശീലന കോഴ്സിന്റെ പ്രാധാന്യത്തിനും നിലവാരത്തിനും മുന്നിൽ ചോദ്യചിഹ്നമായി നിൽക്കുന്നു. പുനഃപരീക്ഷ എന്ന പ്രക്രിയയിലൂടെ യഥാർത്ഥത്തിൽ പിഴവുകൾ ചെയ്യുന്നവരാണോ ,അല്ലെങ്കിൽ അതിന്റെ പ്രത്യാഘാതം അനുഭവിക്കുന്ന വിദ്യാർത്ഥികളാണോ ശിക്ഷ അനുഭവിക്കേണ്ടി വരുന്നത്? കുരിശിലേറ്റപ്പെട്ട ക്രിസ്തുവിനെ വീണ്ടും മരക്കുരിശിൽ ക്രൂശിക്കുന്ന പ്രവർത്തിയല്ലേ ഇത്...


ഒരു വിഷയത്തിൽത്തന്നെ ഒരേ ചോദ്യങ്ങൾ വിവിധ സെക്ഷനുകളിൽ ആവർത്തിക്കുന്നതും വിദ്യാർത്ഥികളിൽ വലിയ അസംതൃപ്തി സൃഷ്ടിക്കുന്നു. പഠനത്തിന്റെ വ്യാപ്തി തിരിച്ചറിയാതെ, ഒരു ടോപ്പിക് തിരഞ്ഞെടുത്ത് ആകെ മാർക്കിന്റെ പകുതിയിലധികം ചോദ്യങ്ങൾ അനുവദിക്കുന്നത് വിദ്യാർത്ഥികളുടെ സമർപ്പണത്തിനും പഠനത്തിനുമേൽക്കുന്ന അപമാനമാണ്. 20 - 25 മണിക്കൂറുകൾ ചിലവിട്ട് പഠിപ്പിക്കുന്ന പാഠഭാഗങ്ങളിൽ നിന്ന് ഒരു 2 മാർക്കിന്റെ ചോദ്യം പോലും ചോദിക്കപ്പെടാതെ പോകുന്നത് ചോദ്യപേപ്പർ തയ്യാറാക്കലിന്റെ മൂല്യരാഹിത്യത്തെയാണ് പ്രകടമാക്കുന്നത്.

വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ സമർപ്പണത്തിന് യഥാർത്ഥ വില നൽകുന്ന രീതിയിലായിരിക്കണം. മാർഗരേഖകളിലും നിർദിഷ്ട പഠനത്തിലുമുള്ള അന്തരങ്ങൾ പരിഹരിച്ചാൽ മാത്രമെ ഈ കോഴ്സിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കാൻ സാധിക്കൂ.വിദ്യാർത്ഥികളുടെ ശ്രമങ്ങൾ യഥാർത്ഥത്തിൽ വിലമതിക്കപ്പെടണം എന്നതിലാണ് പരിഹാരം. ചോദ്യപേപ്പറുകളുടെ തയാറാക്കൽ കൂടുതൽ ശ്രദ്ധയോടെ പരിശോധനയും നിരീക്ഷണവും നടത്തേണ്ടത് അനിവാര്യമാണ്. ഓരോ സെമസ്റ്ററിനും അനുയോജ്യമായ പാഠഭാഗങ്ങൾ മാത്രം ഉൾപ്പെടുത്തുന്ന രീതിയിൽ വ്യക്തമായ മാർഗരേഖ തയ്യാറാക്കുകയും അതനുസരിച്ചുള്ള സുതാര്യമായ ചോദ്യപേപ്പർ പ്രക്രിയ നടപ്പിലാക്കുകയും വേണം. വിദ്യാർത്ഥികളുടെ പഠനത്തിനും പരിശ്രമത്തിനും യഥാർത്ഥ വിലയിരുത്തലായി പ്രവർത്തിക്കുന്നതിന് ഒരു ഏകീകൃതവും സുതാര്യവുമായ സംവിധാനം അനിവാര്യമാണ്.കൂടാതെ, വിഷയാധിഷ്ഠിത പുനരവലോകന സമിതികളെ രൂപീകരിച്ച് ചോദ്യപേപ്പറുകളുടെ ഗുണനിലവാരം ഉറപ്പാക്കുകയും, ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കാൻ ഉറച്ച നടപടികൾ കൈക്കൊള്ളുകയും വേണം.ഒടുവിൽ, ചിലന്തി പാടുപെട്ട് വല നെയ്യുമ്പോൾ അതിന്റെ പ്രയത്നങ്ങൾ നിരസിക്കപ്പെടാതെ അതിന് ലക്ഷ്യം കൈവരിക്കാനുള്ള അവസരം ലഭിക്കണം. അതുപോലെ, നമ്മുടെ വിദ്യാർത്ഥികളുടെയും പരിശ്രമത്തിനും സമർപ്പണത്തിനും അനുയോജ്യമായ അംഗീകാരം നൽകേണ്ടത് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനലക്ഷ്യമാവണം.ഓരോ ശ്രമവും വിലമതിക്കപ്പെടുന്ന ഒരു വിദ്യാഭ്യാസ സംവിധാനം എത്രയും പെട്ടന്ന് പ്രാബല്യത്തിൽ വരുത്തണം.

**ഡിജോ ജോസ്**
1st year B.Ed physical science

# ലോകം കീഴടക്കിക്കൊണ്ടിരിക്കുന്ന ആർട്ടിഫിഷ്യൽ ഇൻറലിജൻസ്

**ഷാദിൽ എം.**
1st year B.Ed Social Science



1956ൽ ജന്മമെടുത്ത ഒരു ആശയമാണ് 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ്'. അലൻ ട്യൂറിംഗ്, മാർവിൻ മിൻസ്കി, അലൻ ന്യൂവൽ, ഹെർബർട്ട് എ സൈമൺ, ജോൺ മക്കാർത്തി എന്നിവരാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സ്ഥാപക പിതാക്കന്മാർ. 1956ൽ നടന്ന പ്രശസ്തമായ ഡാർട്ടമൗത്ത് കോൺഫറൻസിനായി എഴുതിയ ഒരു നിർദ്ദേശത്തിലാണ് 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ' എന്ന പദം മക്കാർത്തിയും സംഘവും ആദ്യമായി ഉപയോഗിച്ചത്.

അന്ന് പിറവിയെടുത്ത ആശയം ഇന്ന് ലോകം കീഴടക്കിക്കൊണ്ടിരിക്കുകയാണ്. സങ്കൽപ്പങ്ങൾക്ക് അതീതമായാണ് ഇന്ന് സങ്കേതിക വിദ്യയുടെ വളർച്ച. വിദ്യാഭ്യാസം, ആരോഗ്യം, ഉൽപാദനം, ഗതാഗതം, ദൃശ്യമാധ്യമം, തുടങ്ങിയ എല്ലാം മേഖലകളിലും ഇന്ന് AI സാന്നിദ്ധ്യം ശക്തമാണ്. വിദ്യാഭ്യാസം സമൂഹത്തിലെ പ്രധാനപ്പെട്ട സാമൂഹിക സ്ഥാപനങ്ങളിൽ ഒന്നാണ്. AI യുടെ സാന്നിദ്ധ്യം വിദ്യാഭ്യാസ മേഖലയിൽ പല മാറ്റങ്ങൾക്കും കാരണമായിക്കൊണ്ടിരിക്കുന്നു. സമൂഹത്തിന്റെ ഘടന, സംസ്കാരം, പാരമ്പര്യം, സമ്പ്രദായങ്ങൾ തുടങ്ങിയവ പൊളിച്ചടുക്കി പുനർനിർമ്മാണത്തിന് വിധേയമാക്കുകയാണ് ഇന്ന് AI.

എല്ലാ വികസനവും നാടിന്റെ നന്മയ്ക്കായാണെന്ന് ചിന്തിക്കുന്നവരാണ് നമ്മൾ. എന്നാൽ ഏതൊരു വികസനത്തിനും രണ്ട് വശങ്ങളുണ്ട്. മോശമായോ നല്ലതായോ സമൂഹത്തിൽ അത് പ്രതിഫലിക്കും. കൂടുതൽ ശരികൾ മാത്രം നമ്മളിൽ എത്തിച്ചേരുന്നതുകൊണ്ടാവാം അല്ലെങ്കിൽ ശരികൾ മാത്രം നോക്കിക്കാണാൻ ശ്രമിക്കുന്നതുകൊണ്ടാവാം ചില പ്രതികൂല വശങ്ങൾ നമ്മൾ തിരിച്ചറിയാതെ പോകുന്നത്. ഓരോ മാറ്റത്തിന്റെയും നല്ലതും ചീത്തതുമായ പ്രതിഫലനത്തെക്കുറിച്ച് സമൂഹത്തിന് ധാരണ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. സമൂഹത്തിലെ മാറ്റങ്ങൾക്ക് പിന്നിലുള്ള അജണ്ടകളെ തിരിച്ചറിയാനുള്ള വിമർശനാത്മക ചിന്ത ഓരോ പൗരനും ഉണ്ടായിരിക്കേണ്ടതാണ്. കുറ്റം പറയുക എന്നതല്ല, വിവിധ മാനങ്ങളെക്കുറിച്ച് ബോധവാന്മാരാവുക എന്നതാണ്.

അധ്യാപകവിദ്യാർത്ഥികളായ നമ്മൾ വിദ്യാഭ്യാസ മേഖലയിൽ AIയുടെ കടന്നുവരവ് സൃഷ്ടിച്ചു കൊണ്ടേയിരിക്കുന്ന മാറ്റങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ട്. AIയുടെ കടന്നുവരവ് വിദ്യാർത്ഥികളുടെ പാരമ്പര്യ പഠനശൈലിയിലും അറിവ് നേടൽ മാർഗ്ഗരീതിയിൽ മാറ്റം വരുന്നു. വികസനവും മുന്നേറ്റങ്ങളും നിലനിൽക്കുന്ന ബുദ്ധിമുട്ടുകളെ പരിഹരിക്കുന്നു. പഠന പ്രക്രിയകൾ എളുപ്പമാക്കാനാണ് പല AI ടൂളുകൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. Chat GPT, Grammarly, bard, Jasper AI, Tome, Addy AI, Topeview AI, Quilbolt, Copiolet, Hedge,Perplexity,Image Generators, Scholarcy, scribber തുടങ്ങിയ AI ടൂളുകളാണ് പ്രധാനമായും വിദ്യാർത്ഥികൾ ഉപയോഗിക്കുന്നത്.

ഇന്ന് ആഗോള തലത്തിൽ 84% വിദ്യാർത്ഥികൾ AIയെ ആശ്രയിച്ചു കൊണ്ടാണ് അവരുടെ പഠനം മുന്നോട്ട് കൊണ്ടുപോകുന്നത്. അസൈൻമെന്റ്, സെമിനാർ, പി.പി.ടി., പ്രൊജക്റ്റ്, ഡിസർട്ടേഷൻ, പിഎച്ച്ഡി പ്രൊപ്പോസൽ, സെന്റൻസ് പാരാ ഫ്രെയ്സിംഗ്, ഗ്രാമ്മർ കറക്ഷൻ തുടങ്ങിയ പല പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലും ഇന്ന് AIയുടെ സാധ്യത വിദ്യാർത്ഥികൾ ഉപയോഗപ്പെടുത്തുന്നു. അധ്യാപകരുടെ മുന്നിൽ സമർപ്പിക്കുന്ന ഓരോ പ്രവർത്തനങ്ങളും അവരുടെ സ്വന്തം തൂലികയിൽ നിന്നാണോ എന്നത് സംശയമാണ്. അന്യഭാഷ പഠിക്കുന്നതിലും, ഓട്ടോമാറ്റിക്ക് കണ്ടൻറ് ജനറേറ്റ് ചെയ്യാനും AI യുടെ സാധ്യത വിദ്യാർത്ഥികൾ ഉറപ്പാക്കുന്നു. കൂടാതെ മൂല്യനിർണ്ണയം, സ്കൂൾ കാര്യനിർവ്വഹണത്തിലും വായനശാലയിലും ഇന്ന് AI യുടെ സാധ്യതകൾ അനേകമാണ്.

വിദ്യാഭ്യാസ മേഖലയിൽ സങ്കേതികവിദ്യകൊണ്ടുള്ള ഈ എളുപ്പ പ്രയോഗങ്ങൾ ഗുണം മാത്രമാണോ നൽകുക? AI ടൂളുകൾ നൽകുന്ന അറിവുകൾ പരിമിതവും ബാഹ്യവുമാണ്. ഉയർന്ന ചിന്തകളിലേക്ക് വിദ്യാർത്ഥികളെ നയിക്കാൻ അവയ്ക്ക് സാധിക്കുന്നുണ്ടോ? മുൻകൂട്ടി പ്രോഗ്രാം ചെയ്ത അറിവുകൾ മാത്രമാണ് അവ നൽകുന്നത്. അറിവിന്റെ മറ്റ് ദിശയിലേക്ക് വളരാൻ AI വിദ്യാർത്ഥികളെ പ്രാപ്തമാക്കുമോ എന്നത് സംശയമാണ്. വിദ്യാർത്ഥികൾ പുസ്തകങ്ങളിലൂടെയും മറ്റ് പ്രൈമറി, സെക്കണ്ടറി സോഴ്സും ഉപയോഗിച്ച് നേടുന്ന അറിവിന് കൃത്യതയും യുക്തിഭദ്രതയുമുണ്ടായിരിക്കണം. ഇത് AI യിൽ നിന്ന് ലഭിക്കണമെന്നില്ല. ക്ലാസുകളിലേക്ക് ഒരു AI ട്യൂട്ടർ കടന്നുവരാൻ ഇനി അധികം സമയമില്ല. ഇവിടെയാണ് Jacques Ranciere ന്റെ 'The Ignorant School Master' എന്ന പുസ്തകം പ്രസക്തമാകുന്നത്. പരമ്പരാഗത വിദ്യാഭ്യാസ സമ്പ്രദായങ്ങളുടെ ശ്രേണിപരമായ ഘടനയെ പൊളിച്ചെഴുതികൊണ്ട് പഠിക്കാനും പഠിപ്പിക്കാനും ആർക്കും കഴിവുണ്ടെന്ന് റാൻസിയർ പറയുന്നു. ഈ ഒരു കാഴ്ചപ്പാട് നിലനിൽക്കുന്ന അധികാര ശ്രേണിയെ മാറ്റിമറിക്കുന്നു. അത്തരം അജ്ഞതകൾ മുന്നിൽ കണ്ട് വിദ്യാർത്ഥികൾക്ക് പല വാതിലുകളും ഇന്ന് നിർമ്മിത ബുദ്ധിയുടെ ലോകത്ത് തുറന്ന് വെച്ചിരിക്കുന്നു.



AI സാധ്യതകളെ മാത്രം കേന്ദ്രീകരിച്ചും വിദ്യാഭ്യാസം മാറിക്കൊണ്ടിരിക്കുന്നു. വിദ്യാർത്ഥിയുടെ സ്വതസിദ്ധമായ കഴിവുകൾ തിരിച്ചറിയാതെ പോകുന്നതിനും സാധ്യമായ പല കഴിവുകളും ശേഷികളും നഷ്ടപ്പെടാനുള്ള സാഹചര്യവും AI സൃഷ്ടിക്കുന്നു. ഇത് വിദ്യാർത്ഥികളിൽ നിന്ന് ഉയർന്ന് വരേണ്ട ചിന്തകളെ പരിമിതിപ്പെടുത്തും. ചിലപ്പോൾ മനുഷ്യനിൽ നിന്ന് മതിയായ ചിന്തകൾ വരുന്നില്ല എന്ന് മനുഷ്യന് തന്നെ തോന്നിയതുകൊണ്ടാവാം ഇന്ന് നിർമ്മിത ബുദ്ധിയിലേക്ക് ലോകം തിരിയാൻ കാരണമെന്ന് പറയേണ്ടി വരും. കൂടുതലായും സോഷ്യൽ മീഡിയയിലും ആധുനിക സങ്കേതിക വിദ്യയിലും മുഴുകിയിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഈയൊരു അതിപ്രസരത്തിന് സാക്ഷ്യം വഹിച്ചതു കൊണ്ടാവാം 2024 ഓക്സ്ഫോഡ് ഡിക്ഷനറിയിലേക്ക് 'Brain rot' എന്ന വാക്ക് കടന്നുകൂടിയത്. നിലവാരം കുറഞ്ഞ ഉള്ളടക്കം, സ്ഥിരമായി വായിക്കുകയോ കാണുകയോ ചെയ്യുന്നതിലൂടെ ഒരു വ്യക്തിയുടെ മാനസിക ബൗദ്ധിക നിലവാരത്തിന് ഉണ്ടാകുന്ന തകർച്ചയാണ് 'Brain Rot' എന്ന വാക്ക് അർത്ഥമാക്കുന്നത്.

ഉയർന്നവരുന്ന സാങ്കേതിക വിദ്യയുടെ വികാസങ്ങൾ സാമൂഹിക ഘടനയെയും പാരമ്പര്യത്തെയും പുനർനിർമ്മിക്കുമെന്നാണ് മാനുവൽ കാസ്റ്റൽസ് (1996) അഭിപ്രായപ്പെടുന്നത്. പുതിയൊരു knowledge class രൂപപ്പെടുന്നു. 'The rise of new knowledge class or expertised' എന്നതാണ് ഈ സമൂഹത്തിലെ പ്രധാന സവിശേഷതയെന്ന് ഡാനിയൽ ബെൽ പറയുന്നു. ഈ സമൂഹം ഒരു മുതലാളിത്ത നിരീക്ഷണ വലയത്തിൽ അകപ്പെട്ടതാണ്. അവരെ സംബന്ധിച്ചടത്തോളം നമ്മൾ അവരുടെ മാർക്കറ്റ് മാത്രമാണ്. സൈബർ ലോകം ഇന്ന് നമ്മളെ നിയന്ത്രിക്കുന്നു. ഇത്തരം നിരീക്ഷണങ്ങൾ പലതരം സമൂഹിക പ്രശ്നത്തിലേക്ക് നയിക്കുമെന്ന് അൽറിച്ച് ബെക്കും അന്തണി ഗിഡൻസും പറയുന്നു. ഒരു വികസനത്തെയും നമ്മൾക്ക് അകറ്റി നിർത്താൻ സാധിക്കുന്നതല്ല. കരുതലും നിയന്ത്രണവും ആവശ്യമാണ്. ബഹുമാനങ്ങൾ തിരിച്ചറിഞ്ഞ് പ്രാവർത്തികമാക്കണം. വൈകാരികതയും കരുണയും ദയയും ഈ AI ലോകത്ത് നിന്ന് നിങ്ങൾക്ക് ലഭിക്കില്ല. 30 വർഷത്തിനുള്ളിൽ മനുഷ്യരാശിയെ AI തുടച്ചു നീക്കുമെന്ന ജെഫ്രി ഹിന്റണിന്റെ മുന്നറിയിപ്പ് കൂടി പങ്ക് വെച്ചു കൊണ്ട് നിർത്തട്ടെ...

# സോഷ്യൽ ഡിലമ: സിനിമയും ചർച്ചയുമായി ഫാറൂഖ് ട്രെയ്നിംഗ് കോളേജ്

ഫാറൂഖ് ട്രെയ്നിംഗ് കോളേജ് വിദ്യാർത്ഥി യൂണിയൻ അദ്വയയും ഇംഗ്ലീഷ് അസോസിയേഷൻ ഒറോറയും സംയുക്തമായി സംഘടിപ്പിച്ച 'സോഷ്യൽ ഡിലമ' സിനിമ പ്രദർശനം 2024,നവംബർ 26 ന് കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. സാമൂഹ്യമാധ്യമങ്ങൾ വ്യക്തിക്ക് മേലും സമൂഹത്തിനുമേലും ചെലുത്തുന്ന സ്വാധീനത്തിന്റെ വ്യാപ്തി തുറന്നു കാട്ടാൻ പരിപാടിയിലൂടെ സാധിച്ചു. വിദ്യാർത്ഥികളും അധ്യാപകരും അടങ്ങുന്ന വലിയ ഒരുപറ്റം ജിജ്ഞാസുക്കളായ കാണികളാണ് ഉച്ചക്ക് 2.30 ന് കോളേജ് ഓഡിറ്റോറിയത്തിൽ ഒത്തുകൂടിയത്. സാമൂഹ്യമാധ്യമങ്ങൾ ലോകത്തെ തന്നെ നിയന്ത്രിക്കുന്ന കാലഘട്ടത്തിൽ മനുഷ്യരുടെ സ്വഭാവങ്ങളും അഭിപ്രായങ്ങളും ബന്ധങ്ങളുമെല്ലാം ഏത് രീതിയിലാണ് ബാധിക്കപ്പെടുന്നതെന്നതിന്റെ വസ്തുനിഷ്ഠവും വിശാലവുമായ നിരീക്ഷണം സിനിമ മുന്നോട്ട് വച്ചു. പ്രദർശനത്തിന് ശേഷം സിനിമയെക്കുറിച്ചുള്ള വിമർശനാത്മകവും വിശകലനാത്മകവുമായ ചർച്ച നടന്നു. സദസ്സ് സിനിമയെക്കുറിച്ചും സിനിമ ചർച്ചചെയ്യുന്ന വിഷയത്തെ സംബന്ധിച്ചുമുള്ള അവരവരുടെ ചിന്തകളും അഭിപ്രായങ്ങളും സമൂഹത്തിന്റെ സോഷ്യൽ മീഡിയ അഡിക്ഷനെക്കുറിച്ചുള്ള ആശങ്കകളും പങ്കുവെച്ചു. മനുഷ്യന്റെ മാനസിക ശാരീരിക ആരോഗ്യത്തിനെ സാരമായി ബാധിക്കുന്ന വലിയ വിപത്തായി മാറിക്കൊണ്ടിരിക്കുന്ന ഈ അമിതാസക്തിയെ മറികടക്കാനും സാങ്കേതിക വിദ്യയുമായി ആരോഗ്യപരമായ ബന്ധം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും ചർച്ചകൾ നടന്നു. വിദ്യാർത്ഥികളുടെയും അധ്യാപക അനധ്യാപകരുടെയും ഊർജ്ജസ്വലമായ പങ്കാളിത്തം പരിപാടി വിജയകരമാക്കി തീർത്തു.



# സഹചാരി അവാർഡ് ഫാറൂഖ് ട്രെയ്നിംഗ് കോളേജ് എൻ.എസ്.എസ് യൂണിറ്റിന്




കോഴിക്കോട് : ഭിന്നശേഷി സൗഹൃദ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സാമൂഹിക നീതിവകുപ്പ് ഏർപ്പെടുത്തിയ സഹചാരി അവാർഡ് ഫാറൂഖ് ട്രെയ്നിംഗ് കോളേജ് എൻ.എസ്.എസ്.യൂണിറ്റിന്. അന്താരാഷ്ട്ര ദിന്നശേഷി ദിനത്തിൽ ഉന്നത വിദ്യാഭ്യാസ- സാമൂഹികനീതി വകുപ്പ് മന്ത്രി ഡോ. ആർ.ബിന്ദു അവാർഡ് കൈമാറി.

10000 രൂപയും പ്രശസ്തിപത്രവുമാണ് നൽകിയത്. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ.ടി മുഹമ്മദ് സലീം. പ്രോഗ്രാം ഓഫീസർ ഫസീൽ അഹമ്മദ്, വളണ്ടിയർ സെക്രട്ടറി കെ. പി. സമീന, ജാബിർ അൽത്താഫ്, കെ. എസ്.അഭിനയ എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.

എൻ. എസ്.എസ്/എൻ.സി.സി / എസ്.പി. സി യൂണിറ്റുകളുടെ ഭിന്നശേഷി മേഖലയിലെ സമഗ്ര സേവന പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അവാർഡ് നൽകുന്നത്.ഫാറൂഖ് ട്രെയ്നിംഗ് കോളേജ് എൻ.എസ്.എസ് യൂണിറ്റ് കാസർഗോഡ് എൻഡോസൾഫാൻ മേഖലയിലെ സ്പെഷ്യൽ വിദ്യാർത്ഥികൾക്കായി നടത്തിയ ജീവോദയം പദ്ധതി, സ്കൂളിൽ സ്പെഷ്യൽ കെയർ റൂം ഒരുക്കൽ, സ്പെഷ്യൽ സ്കൂൾ ദത്തെടുക്കൽ പദ്ധതി,സ്പെഷ്യൽ സ്കൂളുകളിൽ നടപ്പാക്കിയ മ്യൂസിക് തെറാപ്പി ആൻഡ് കൗൺസിലിംഗ് പദ്ധതി, സ്പെഷ്യൽ സ്കൂളിൽ സൗന്ദര്യവത്കരണ പദ്ധതി തുടങ്ങിയവയാണ് അവാർഡിനായി പരിഗണിച്ചത്.

# അന്തർദേശീയ മനുഷ്യാവകാശ ദിനം - 2024

ഫാറൂഖ് ട്രെയ്നിംഗ് കോളേജ് നാഷണൽ സർവീസ് സ്കീമിന്റെയും എം.എഡ് അസോസിയേഷന്റെയും അദ്വയ വിദ്യാർത്ഥി യൂണിയന്റെയും സംയുക്ത ആഭിമുഖ്യത്തിൽ അന്തർദേശീയ മനുഷ്യാവകാശദിനം ആചരിച്ചു. എം എഡ് വിദ്യാർത്ഥിനിയായ വിദ്യ നിധീഷ് സ്വാഗതമറിയിച്ച ചടങ്ങിൽ കാലിക്കറ്റ് സർവകാലാശാല സിൻഡിക്കേറ്റ് അംഗവും ഫാറൂഖ് ട്രെയ്നിംഗ് കോളേജ് പ്രിൻസിപ്പലുമായ പ്രൊഫ. ഡോ. ടി. മുഹമ്മദ് സലിം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഫാറൂഖ് ട്രെയ്നിംഗ് കോളേജ് റിസർച്ച് കോർഡിനേറ്റർ ഡോ. ഉമ്മർ ഫാറൂഖ് , എം എഡ് ഒന്നാം വർഷ കോർഡിനേറ്റർ ഡോ. ഇർഷാന ഉള്ളാടൻ എന്നിവർ ആശംസകൾ അറിയിച്ചു. തുടർന്ന് അധ്യാപകരും അനധ്യാപകരും വിദ്യാർത്ഥികളും ചേർന്നു മനുഷ്യാവകാശ പ്രതിജ്ഞ ചെയ്തു. വിദ്യാത്ഥികളുടെ കലാപ്രകടനങ്ങൾ, ഫ്ളാഷ് മോബ് തുടങ്ങിയവ സംഘടിപ്പിച്ചു.




## SUDOKU

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 2 | | | 7 | 5 | | | |
| 1 | | | 8 | | | | | |
| | 4 | 6 | | 3 | 9 | | | 5 |
| | | | | | | 7 | | 4 |
| 2 | 1 | | | | 3 | 8 | 5 | |
| | 3 | 7 | | | | | | |
| | | 5 | 6 | | 7 | 2 | | 3 |
| | | | | 4 | | | 1 | |
| | | | 3 | | 2 | 4 | | |

# ഫാറൂഖ് ട്രെയ്നിംഗ് കോളേജ് ക്രിസ്തുമസ് ദിനാഘോഷം നടത്തി




ഫാറൂഖ് ട്രെയ്നിംഗ് കോളേജ് ക്രിസ്തുമസ് ദിനാഘോഷം ഡിസംബർ 20 വെള്ളിയാഴ്ച നടന്നു. അദ്വയ വിദ്യാർത്ഥി യൂണിയന്റെ നേതൃത്വത്തിലാണ് ക്രിസ്തുമസ് പരിപാടികൾ നടത്തിയത്. പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ.ഉമ്മർ ഫാറൂഖ് ക്രിസ്തുമസ് സന്ദേശം വിദ്യാർത്ഥികൾക്ക് കൈമാറി. കരോൾ ഗാന മത്സരം, കലാസാംസ്കാരിക പരിപാടികൾ എന്നിവ നടത്തി.

# ആദരവ് ഏറ്റുവാങ്ങി



2023-24 വർഷത്തിൽ വിദ്യാഭ്യാസ മേഖലയിലെ മികച്ച സാമൂഹ്യ പ്രവർത്തനത്തിനുള്ള രാമനാട്ടുകര നഗരസഭയുടെ ആദരവ് ഫാറൂഖ് ട്രെയ്നിംഗ് കോളേജ് എൻ.എസ്.എസ്. യൂണിറ്റിന് വേണ്ടി വളണ്ടിയർമാരായ ഷൈബ. ടി, ഷഹർബാനു, ഹിബ ചാരത്, ഡിജോ ജോസ് എന്നിവർ ഏറ്റുവാങ്ങുന്നു

# ലോക ഭിന്നശേഷി ദിനാചരണം നടത്തി

ഫാറൂഖ് ട്രെയ്നിംഗ് കോളേജ് എം എഡ് അസോസിയേഷൻ ഡിസംബർ 3 ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് പരിപാടി സംഘടിപ്പിച്ചു. എല്ലാ തരത്തിലുമുള്ള വിവേചനങ്ങൾക്കെതിരെ സംസാരിക്കുക എന്നതായിരുന്നു പരിപാടിയുടെ മുഖ്യ ലക്ഷ്യം.

എം എഡ് വിദ്യാർത്ഥി സ്നേഹയുടെ നേതൃത്വത്തിൽ , വിദ്യാർത്ഥികൾ ഭിന്നശേഷി ദിനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് പ്രതിജ്ഞ എടുത്തു. അധ്യാപകരായ, ഡോ അനീസ് മുഹമ്മദ് .സി , ഡോ. രേഖ .പി , ഡോ. നിരഞ്ജന കെ. പി, ഡോ . മുഹമ്മദ് നാസിമുദ്ദീൻ ടി എന്നിവർ സംസാരിച്ച ചടങ്ങിൽ എം .എഡ് വിദ്യാർത്ഥി രമ്യ നന്ദിയറിയിച്ചു.

# മരണപ്പാച്ചിലും മരണക്കുഴിയും: റോഡിൽ പൊലിയുന്ന മനുഷ്യ ജീവിതങ്ങൾ




ഫാത്തിമ ഫിദ . എസ്
ബി.എഡ് ഫസ്റ്റ് ഇയർ

നാടിനെ നടുക്കിയ കളർക്കോട് അപകടത്തിനു ശേഷവും റോഡ് അപകടങ്ങളുടെ പരമ്പര തുടരുകയാണ്. ദിവസങ്ങൾക്ക് മുൻപാണ് പാലക്കാട് ജില്ലയിലെ പനയമ്പാടത്ത് നടന്ന അപകടത്തിൽ നാല് സ്കൂൾ വിദ്യാർത്ഥിനികളുടെ ജീവൻ പൊലിഞ്ഞത്...ഞെട്ടൽ മാറുന്നതിനു മുൻപ് തന്നെ മറ്റൊരു അപകടവും.. പത്തനംതിട്ടയിൽ ശബരിമല തീർത്ഥാടകർ സഞ്ചാരിച്ചിരുന്ന ബസ്സും കാറും കൂട്ടിയിടിച്ച് നവദമ്പതികളടക്കം നാല് പേരുടെ മരണമാണ് വീണ്ടും വാർത്തകളിൽ നിറയുന്നത്.അപകട മരണങ്ങൾ ഏറെയും രാത്രിയാണ് സംഭവിക്കുന്നത്. വാഹനങ്ങളുടെ അമിത വേഗതയും റോഡുകളുടെ അപാകതയുമാണ് മിക്ക അപകടങ്ങൾക്കും കാരണം...

കഴിഞ്ഞ പന്ത്രണ്ട് ദിവസത്തിനുള്ളിൽ വാഹനാപകടങ്ങളിൽ പതിനാല് മരണങ്ങളാണ് സംസ്ഥാനത്തുണ്ടായത്. 2024 ൽ ഒക്ടോബർ മാസം വരെ 40,821 റോഡ് അപകടങ്ങൾ നടന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അതിൽ തന്നെ 3168 മരണങ്ങളും...രാജ്യത്താകെ നടക്കുന്ന റോഡ് അപകടങ്ങളിൽ 6% കേരളത്തിൽ നിന്നാണ്. എന്തുകൊണ്ട് കേരളത്തിൽ റോഡപകടങ്ങൾ പെരുകുന്നു..?

ചർച്ച ചെയ്യപ്പടേണ്ട വിഷയമായിരുന്നിട്ടും അധികാരികളുടെ മൗനം നിരന്തര അപകടങ്ങൾക്ക് വഴിവെക്കുന്നു.

പനയമ്പാടത്തെ റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയതയും അപാകതയും മുമ്പ് അപകട മരണങ്ങൾ നടന്ന സന്ദർഭങ്ങളിലൊക്കെ പ്രദേശവാസികളും രാഷ്ട്രീയ സംഘടനകളും സർക്കാരിനെ ബോധ്യപ്പെടുത്തിയിട്ടും അത് പരിഹരിക്കാൻ ആവശ്യമായ നടപടി കൈകൊള്ളാൻ തയ്യാറാവാത്ത സർക്കാരിന്റെ അനാസ്ഥയാണ് നാല് ജീവനുകൾ നഷ്ടപ്പെടാൻ ഇടയാക്കിയത്..

റോഡിന്റെ വികസനത്തെ പറ്റി പറയുന്നവർ റോഡപകടങ്ങൾ തടുക്കാനുള്ള യാതൊരു സുരക്ഷാ സംവിധാനങ്ങളും ഒരുക്കുന്നില്ല.

വികസനമെന്ന പേരിൽ 232 കോടി മുടക്കി എ ഐ ക്യാമറകൾ സ്ഥാപിക്കുമ്പോൾ അപകടങ്ങൾ കുറക്കാനാകുമെന്ന വാദമായിരുന്നു മുൻപന്തിയിൽ.. അവ സ്ഥാപിച്ചതിന് ശേഷം മുൻ വർഷത്തേക്കാൾ അപകടങ്ങൾ പെരുകുകയാണ് ചെയ്തത്..

ക്യാമറകളെ ഭയന്നെങ്കിലും ആളുകൾ സീറ്റ് ബെൽറ്റും ഹെൽമറ്റും ധരിക്കുമെന്ന വാദം കൊണ്ട് കാര്യമില്ല.. ഇതിനെല്ലാം മുൻപ് റോഡിലെ അപാകതകളാണ് ഒഴിവാക്കേണ്ടത്.. എ ഐ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള പല റോഡുകളുടെയും അവസ്ഥ വളരെ മോശമാണ്.. മഴക്കാലമാകുമ്പോൾ റോഡേത് കുഴിയേത് എന്ന് അറിയാൻ കഴിയാത്ത അവസ്ഥയാണ്.. വെള്ളം ഇറങ്ങാൻ ആവശ്യമുള്ള അഴുക്കുചാലുകൾ ഇല്ല.. കൃത്യമായ സമയത്ത് റോഡുകളിൽ റീസർഫെസിംഗ് നടക്കുന്നില്ല.. മഴ പെയ്താൽ മിനുസമാകുന്ന റോഡുകളിൽ വാഹനങ്ങൾ തെന്നുന്നതും നിരന്തരമായ റോഡപകടങ്ങൾക്ക് കാരണമാകുന്നു.. റോഡിൽ വേണ്ടത്ര വെളിച്ചമില്ലാത്തതാണ് മറ്റൊരു പ്രധാന കാരണം. ശരിയായ കോൺകേവ് മിററുകൾ സ്ഥാപിക്കാത്തതും എടുത്ത് പറയേണ്ട ഒന്നാണ്.

ഇതെല്ലാം അടിസ്ഥാന സൗകര്യങ്ങളിൽ പെടുന്നവയായിട്ടും അതൊന്നും കൃത്യമായി ലഭ്യമാക്കാൻ കഴിയാത്തത് അധികാരികളുടെ ഒരു വലിയ പരിമിതിയാണ്..

പുതുക്കി നിർമിച്ചിട്ടും രണ്ട് മാസങ്ങൾക്കുള്ളിൽ തന്നെ റോഡുകളിൽ കുഴിയും മറ്റും ഉണ്ടാകുമ്പോൾ ആരെയാണ് കുറ്റപ്പെടുത്തേണ്ടത്..? റോഡ് കോൺട്രാക്ടർമാരും അധികാരികളും നടത്തുന്ന അഴിമതിക്കണക്ക് അപ്പോൾ പറയേണ്ടി വരും. റോഡിന്റെ അറ്റകുറ്റ പണികൾക്ക് അനുവദിച്ച് തന്നിട്ടുള്ള ഫണ്ടിൽ കണക്കുകൾ കൃത്യമാകാതെ വരുന്നത് എന്ത് കൊണ്ടാണെന്ന് പറയേണ്ടി വരും...

എടുത്ത് പറയേണ്ട മറ്റൊരു പ്രശ്നമാണ് വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നത്. പൈപ്പ്ലൈൻ കണക്ഷൻ എന്ന പേരിൽ റോഡ് കുഴിച്ച ശേഷം, അത് ശരിയായ രീതിയിൽ നന്നാക്കുകയോ, മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയോ ചെയ്യാതെ നിരുത്തരവാദപരമായ നടപടികളാണ് കേരള വാട്ടർ അതോറിറ്റി (കെ. ഡബ്ല്യു.എ.) നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് മൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒന്നും രണ്ടുമല്ല...ഒരു മുന്നറിയിപ്പും കൂടാതെയാണ് അവർ പുതുക്കി നിർമ്മിച്ച റോഡുകൾ കുത്തി പൊളിക്കുന്നത്, അത് മൂലം അപകടത്തിൽ പെടുന്നവരിൽ നാട്ടുകാർ പോലുമുണ്ടാകുമെന്നത് ഈ വിഷയത്തിന്റെ ഗൗരവം കൂട്ടുകയാണ്..

കൃത്യമായി നിയമങ്ങൾ പാലിക്കാതിരിക്കുക എന്നത് സമൂഹത്തിൽ കണ്ടു വരുന്ന ഒരു ട്രെൻ്റാണ്. ട്രാഫിക് നിയമങ്ങളിലും ഇതേ അവസ്ഥയാണ്. നിയമങ്ങൾ പിന്തുടരുകയെന്നത് ചിലരെ സംബന്ധിച്ചിടത്തോളം കുറച്ചിലാണ്. സ്വന്തം നന്മക്ക് വേണ്ടിയാണ് ഇവ പാലിക്കേണ്ടതെന്ന ബോധം പോലും സമൂഹത്തിൽ പലർക്കുമില്ല. ഫൈൻ ഭയന്ന് മാത്രമാണ് സീറ്റ് ബെൽറ്റും ഹെൽമറ്റും ധരിക്കുക. അമിത വേഗത്തിലുള്ള യാത്ര, മദ്യപിച്ച് വാഹനം ഓടിക്കുക. ഇങ്ങനെ പലതും റോഡപകടങ്ങൾക്ക് കാരണമാകുന്നു. ഇരുചക്ര വാഹനങ്ങളാണ് ഏറ്റുവുമധികം അപകടത്തിൽ പെടുന്നത്.

ചെറുപ്പം മുതലേ പൊതുയിടത്തും ട്രാഫിക്കിലും പാലിക്കേണ്ട നിയമങ്ങളെ പറ്റി അവബോധം ഉണ്ടായിരിക്കേണ്ടത് ഈ സമൂഹത്തിന് വളരെ അത്യാവശ്യമാണ്..പാഠപുസ്തകങ്ങളിൽ ഇത്തരം കാര്യങ്ങൾ പഠിച്ചും പരിശീലിച്ചും വരുന്ന രീതിയിൽ വിദ്യാഭ്യാസപരിഷ്കരണം നടത്തുന്നത് സമൂഹത്തിനും ഗുണം ചെയ്യും...വാഹനങ്ങളുടെ എണ്ണം ദിനംപ്രതി കൂടി വരുന്ന സാഹചര്യത്തിലും നമുക്ക് അതിനുതകുന്ന റോഡ് സൗകര്യങ്ങൾ ഇല്ലെന്നത് ഒരു സങ്കടകരമായ വസ്തുതയാണ്..

ഇവ രണ്ടും നല്ല രീതിയിൽ ആകുമ്പോഴേ വാഹനാപകടങ്ങളെയും നമുക്ക് തടുക്കാൻ സാധിക്കൂ..

# കേരളപ്പിറവി ആഘോഷങ്ങൾ സംഘടിപ്പിച്ചു



മലയാളം അസോസിയേഷനും അദ്വയ കോളേജ് യൂണിയനും സംയുക്തമായി കേരളപ്പിറവി ആഘോഷങ്ങൾ സംഘടിപ്പിച്ചു. രാവിലെ 10 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ്, പ്രശസ്ത എഴുത്തുകാരിയും പത്രപ്രവർത്തകയുമായ ഷബിത ഉദ്ഘാടനം ചെയ്തു. മാതൃഭൂമി ദിനപ്പത്രത്തിൽ സബ് എഡിറ്ററായി ജോലി ചെയ്യുന്ന ഷബിത, രാംനാഥ് ഗോയങ്ക ജേർണലിസം അവാർഡ് രണ്ടുതവണ നേടിയിട്ടുണ്ട്.

മലയാളം അസോസിയേഷൻ സെക്രട്ടറി ശദയുടെ സ്വാഗത ഭാഷണത്തോടെ ആരംഭിച്ച ചടങ്ങിൽ, കോളേജ് യൂണിയൻ ചെയർപേഴ്സൺ ഡിജോ ജോസ് അധ്യക്ഷ പ്രസംഗം നടത്തി. കേരളപ്പിറവിയുടെ സാംസ്കാരികവും ചരിത്രപരവുമായ പ്രാധാന്യത്തെ ഉദ്ധരിച്ചുകൊണ്ട് കോളേജ് പ്രിൻസിപ്പൽ പ്രൊഫ.ഡോ.ടി.മുഹമ്മദ് സലീം പ്രഭാഷണം നടത്തി. കേരളത്തിന്റെ ഭാഷാപരവും സാംസ്കാരികവുമായ പൈതൃകം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്ന ഉൾക്കാഴ്ചയുള്ള ഭാഷണമായിരുന്നു ഷബിതയുടേത്. അതിഥികൾക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അവരുടെ സജീവ പങ്കാളിത്തത്തിന് കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് കോളേജ് യൂണിയൻ സെക്രട്ടറി ബർജിസ് ഇ നടത്തിയ നന്ദി പ്രസംഗത്തോടെ പരിപാടി സമാപിച്ചു. മലയാളം അസോസിയേഷന്റെ ആഭിമുഖ്യത്തിൽ, പ്രചാരത്തിലുള്ള ഇംഗ്ലീഷ് പദങ്ങൾക്ക് തുല്യമായ മലയാളം വാക്കുകൾ പരിചയപ്പെടുത്തുന്ന ബോർഡ് പ്രിൻസിപ്പൽ ഓഫീസിന് സമീപം പ്രദർശിപ്പിച്ചു. 2024 നവംബർ 1 മുതൽ 7 വരെ വിദ്യാർത്ഥികളുടെ മാതൃഭാഷയെക്കുറിച്ചുള്ള അറിവ് വർധിപ്പിക്കുന്നതിനും ദൈനംദിന ജീവിതത്തിൽ മലയാളത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ഈ ഉദ്യമം സഹായകമായി.

കേരളപ്പിറവി വാരാഘോഷത്തോടനുബന്ധിച്ച് മൊബൈൽ ഫോട്ടോഗ്രാഫി മത്സരം, അടിക്കുറിപ്പ് മത്സരം, കേരളപ്പിറവി ക്വിസ്, വായന മത്സരം, വായനക്കുറിപ്പ് മത്സരം എന്നിങ്ങനെ നിരവധി പരിപാടികൾ സംഘടിപ്പിച്ചു.

# ഫാറൂഖ് ട്രെയ്നിംഗ് കോളേജ് ഫിസിക്കൽ സയൻസ് അസോസിയേഷൻ ഉദ്ഘാടനം നടന്നു

ഫാറൂഖ് ട്രെയ്നിംഗ് കോളേജിലെ ഫിസിക്കൽ സയൻസ് അസോസിയേഷൻ ഉദ്ഘാടനം 2024 നവംബർ 6-ന് കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. ലിൻഡൗ നോബൽ ലൗറെറ്റ് മീറ്റിംഗിന്റെ 73-ാമത് സഞ്ചയത്തിൽ പങ്കെടുത്ത ഫാറൂഖ് ട്രെയ്നിംഗ് കോളേജിലെ റിസർച്ച് സ്കോളറും പീലിക്കോട് ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപികയുമായ അമാൽ അബ്ദുറഹ്മാൻ ഫിസിക്കൽ സയൻസ് അസോസിയേഷന്റെ ഉദ്ഘാടനം നിർവഹിച്ചു. 'എഡ്യുക്കേഷൻ ആൻഡ് എംപവർമെന്റ്: മൈ സയൻസ് ജേർണി' എന്ന വിഷയത്തിൽ അമാൽ അബ്ദുറഹ്മാൻ പ്രഭാഷണം നടത്തി. അസോസിയേഷൻ സെക്രട്ടറി കദീജ ഫിദ സ്വാഗതം പറഞ്ഞു.

അമാൽ, ശാസ്ത്ര ജീവിതത്തിന്റെ വിവിധ അനുഭവങ്ങൾ പങ്കുവെച്ച്, വിദ്യാർത്ഥികളെ പ്രചോദിപ്പിച്ചു. വ്യക്തിഗത കഴിവുകൾ വികസിപ്പിക്കുന്നതിനും അവസരങ്ങൾ നേടുന്നതിനെക്കുറിച്ച് അവർ വിശദീകരിച്ചു. പഠനം ലിംഗഭേദമില്ലാത്തതാണെന്നും, എംപവർമെന്റ് സ്വയം ആരംഭിക്കണമെന്നും അവർ പറഞ്ഞു.

തുടർന്നുള്ള ചോദ്യോത്തര സെഷനിൽ, വിദ്യാർത്ഥികൾ എംപവർമെന്റ്, കൃത്രിമ ബുദ്ധി (AI), അധ്യാപന ജീവിതം തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടത്തി.




പ്രിൻസിപ്പൽ പ്രൊഫ.(ഡോ.) ടി. മുഹമ്മദ് സലീം അമാലിന് അഭിനന്ദനങ്ങൾ അറിയിച്ച് സംസാരിച്ചു. അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഇർഷാന ഷഹനാസ് ഉള്ളാടൻ ചടങ്ങിന് നന്ദി രേഖപ്പെടുത്തി.

# ആഘോഷങ്ങളിലും കടമ മറക്കാതെ....

ഫറോക്ക്: ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി പരുത്തിപ്പാറ സ്നേഹതീരം ഭവനം സന്ദർശിച്ച് ഫാറൂഖ് ട്രെയ്നിംഗ് കോളേജ് വിദ്യാർത്ഥികൾ. എൻ.എസ്.എസ്., ഹൃദയപൂർവ്വം, അദ്വയാ സ്റ്റുഡൻസ് യൂണിയൻ എന്നിവയുടെ ആഭിമുഖ്യത്തിൽ 17/12/24 ചൊവ്വാഴ്ചയാണ് വിദ്യാർത്ഥികളും അധ്യാപകരും സ്നേഹതീരം അന്തേവാസികൾക്കൊപ്പം സമയം ചെലവഴിച്ചത്.

സ്നേഹതീരം മാനേജിംഗ് കമ്മിറ്റി വൈസ് പ്രസിഡന്റ് ടി സിദ്ധീഖ്, സ്നേഹതീരം ഭവനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും മാതാപിതാക്കളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കുട്ടികളോട് സംസാരിച്ചു.

അധ്യാപകരായ അഫീഫ് തറവട്ടത്ത്, ഉമ്മർ ഫാറൂഖ്, ഫസീൽ അഹമ്മദ് എന്നിവരുടെ നേതൃത്വത്തിലാണ് കുട്ടികൾ സ്നേഹതീരം ഭവനം സന്ദർശിച്ചത്.

# മായമില്ലാ മലയാളം




ഫറൂഖ് ട്രെയ്നിംഗ് കോളേജിലെ സോഷ്യൽ സയൻസ് അസോസിയേഷൻ, Socio Sapience ന്റെ ആഭിമുഖ്യത്തിൽ 2024 നവംബർ 1 ന് കേരളപ്പിറവി ദിനാചരണത്തോടനുബന്ധിച്ച് ഒരു മിനിറ്റ് ഇംഗ്ലീഷ് വാക്കുകളില്ലാതെ മലയാളം സംസാരിക്കാൻ വെല്ലുവിളിക്കുന്ന 'മായമില്ലാ മലയാളം' എന്ന സെഷൻ സംഘടിപ്പിച്ചു. അധ്യാപകരും വിദ്യാർത്ഥികളും ഗെയിമിൽ പങ്കെടുക്കുകയും ടാസ്ക് വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു.

മാതൃഭാഷയായ മലയാളത്തെ പോഷിപ്പിക്കാനും ഭാഷയെ കുറിച്ച് അവബോധം ഉണ്ടാക്കാനും ലക്ഷ്യമിട്ടുള്ളതാണ് ഈ പരിപാടി.

# കരിയർ ശില്പശാല സംഘടിപ്പിച്ചു



ബി.എഡ്, എം.എഡ്. വിദ്യാർത്ഥികൾക്ക് വേണ്ടി 11/12/2024 ബുധനാഴ്ച കരിയർ ഉന്നമനം ലക്ഷ്യം വെച്ചുള്ള ശില്പശാല ഫാറൂഖ് ട്രെയ്നിംഗ് കോളേജിൽ സംഘടിപ്പിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയ്മെൻറ് ബ്യൂറോയുമായി സഹകരിച്ചു കൊണ്ടായിരുന്നു പ്രോഗ്രാം. 'റീച്ച്' കോഡിനേറ്റർ ഡോ.അനീസ് മുഹമ്മദ് സ്വാഗതം പറഞ്ഞു. ഡോ. രേഖ.പി. അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫാറൂഖ് ട്രെയ്നിംഗ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ (ഡോ). ടി. മുഹമ്മദ് സലീം ഉദ്ഘാടനം നിർവഹിച്ചു. കരിയർ വിദഗ്ധനും ട്രെയിനറുമായ സക്കറിയ എം.വി. ശില്പശാലയിൽ വിദ്യാർത്ഥികളുമായി സംവദിച്ചു. അധ്യാപകരംഗത്ത് വിദ്യാർത്ഥികൾക്ക് മുമ്പിൽ തുറന്നു കിടക്കുന്ന അവസരങ്ങളെ കുറിച്ചും അധ്യാപകരംഗത്ത് നിലവിലുള്ള പ്രതിസന്ധികളെ കുറിച്ചും അദ്ദേഹം കുട്ടികളുമായി അഭിപ്രായങ്ങൾ പങ്കിട്ടു. അമ്മാർ.ടി (ഡെപ്യൂട്ടി ചീഫ് യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ബ്യൂറോ) റസീന എം.കെ. (റിസർച്ച് സ്കോളർ)എന്നിവർ സംസാരിച്ചു.

# ഇന്ത്യൻ ഭരണഘടനാ ദിനം ആചരിച്ചു




നവംബർ 26 ഇന്ത്യൻ ഭരണഘടനാ ദിനത്തിന്റെ ഭാഗമായി ഫാറൂഖ് ട്രെയ്നിംഗ് കോളേജ് എം എഡ് വിദ്യാർത്ഥികൾ 'ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷണൽ ഡേ സെലിബ്രേറ്റിംഗ് ദി പില്ലേഴ്സ് ഓഫ് ഡെമോക്രസി' എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചു. ഭരണഘടനയുടെ പുതിയകാല വായനയിലൂടെയാണ് ചർച്ചകൾ മുന്നോട്ട് നീങ്ങിയത്. ഇതിനു പുറമേ വിദ്യാർത്ഥികൾക്കായി ഭരണഘടനാ ക്വിസ് മത്സരവും നടത്തി.അധ്യാപകരായ ഡോ.ഉമ്മർ ഫാറൂഖ്, ഡോ. നിരഞ്ജന കെ.പി., ഡോ. രേഖ പി, ഡോ. ഇർഷാന ഉള്ളാടൻ തുടങ്ങിയവർ പരിപാടിയിൽ സംസാരിച്ചു.

# അഡ്വാൻസ്ഡ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വാല്യൂ ആഡഡ് കോഴ്സിന്റെ ഉദ്ഘാടനം നടത്തി




ഫറോക്ക്: അഡ്വാൻസ്ഡ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് മൂല്യ വർധിത കോഴ്സിന്റെ ഉദ്ഘാടനം 2024 ഡിസംബർ 16ന് ഫാറൂഖ് ട്രെയ്നിംഗ് കോളേജിൽ നടന്നു. സമകാലിക സാഹചര്യത്തിൽ അക്കാദമികവും വ്യക്തിപരവുമായ വളർച്ചയ്ക്ക് ഇത്തരം പരിപാടികളുടെ ആവശ്യകത എടുത്തു കാണിച്ചു കൊണ്ടാണ് എം. എഡ് വിദ്യാർത്ഥി റഹീസ് ആലുങ്കൽ പരിപാടിക്ക് അധ്യക്ഷതവഹിച്ചത്. ട്രെയ്നിംഗ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ ടി.മുഹമ്മദ് സലീം പരിപാടി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. റിസോഴ്സ് പേഴ്സൺ നിത്യ പയ്യേരി അഡ്വാൻസ്ഡ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ഫോർ പ്രോസ്പെക്റ്റീവ് ടീച്ചർ എഡ്യൂക്കേറ്റേഴ്സ്'' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.അധ്യാപകരായ ഡോ. നിരഞ്ജന കെ പി, ഡോ. ഇർഷാന ഉള്ളാടൻ എന്നിവർ സംസാരിച്ച ചടങ്ങിൽ എം .എഡ് വിദ്യാർത്ഥി നസീറ നന്ദിയറിയിച്ചു.

# അഭിനന്ദനങ്ങൾ



കാലിക്കറ്റ് സർവകലാശാലയെ പ്രതിനിധീകരിച്ച് ദേശീയ ഏകതാ ക്യാമ്പിൽ (2024-2025) പങ്കെടുക്കാനുള്ള അവസരം ലഭിച്ച എൻ.എസ്.എസ് വളണ്ടിയർ അന്ന പി. ജോയിക്ക് (ബി.എഡ്. രണ്ടാം വർഷം, ഇംഗ്ലീഷ്) അഭിനന്ദനങ്ങൾ.

അന്നയുടെ ഈ നേട്ടത്തിൽ കോളേജും എൻ.എസ്.എസ് യൂണിറ്റും അഭിമാനിക്കുന്നു. സമർപ്പണവും പ്രയത്നവും കൊണ്ട് അന്ന കൈവരിച്ച ഈ നേട്ടം വിദ്യാർത്ഥികൾക്ക് എന്നും പ്രചോദനമായിരിക്കും

# ദേശീയ വിദ്യാഭ്യാസദിനം : പ്രബന്ധാവതരണവും പാനൽ ചർച്ചയും നടത്തി




പ്രമുഖ പണ്ഡിതനും സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വിദ്യാഭ്യാസ മന്ത്രിയും ആയിരുന്ന മൗലാന അബുൽ കലാം ആസാദിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് ദേശീയ വിദ്യാഭ്യാസ ദിനത്തിൽ വിദ്യാഭ്യാസ ഗവേഷണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പ്രബന്ധാവതരണവും പാനൽ ചർച്ചയും സംഘടിപ്പിച്ചു.

'റീച്ച്' എഫ് ടി സി സംഘടിപ്പിച്ച പരിപാടി അസോസിയേറ്റ് പ്രൊഫസർ ഡോ. രേഖ പി മോഡറേറ്റ് ചെയ്തു. റീച് സ്റ്റുഡന്റ് കോഡിനേറ്റർ ജുലീന റോഷിയുടെ സ്വാഗതത്തോടെയാണ് പരിപാടി ആരംഭിച്ചത്. ദേശീയ വിദ്യാഭ്യാസ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഇന്ത്യയിലെ വിദ്യാഭ്യാസ മേഖലയിൽ മൗലാന അബുൽ കലാം ആസാദിന്റെ സംഭാവനകളെ കുറിച്ചും വിശാലമായി സംസാരിച്ചുകൊണ്ട് ഫാറൂഖ് ട്രെയ്നിംഗ് കോളേജ് അസോസിയേറ്റ് പ്രൊഫസർ ഡോ. അഫീഫ് തറവട്ടത്ത് ഉദ്ഘാടനം ചെയ്തു.

അധ്യാപകരുടെയും ഗവേഷകരുടെയും പ്രബന്ധാവതരണങ്ങളും അതിനെത്തുടർന്നുള്ള കൃത്യമായ ചർച്ചകളും നടന്നു. വിദ്യാഭ്യാസത്തിന്റെ ഭാവി, ഗവേഷണത്തിൽ സാങ്കേതിക വിദ്യയുടെ പങ്ക്, അക്കാദമിക് സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണത്തിന്റെ ആവശ്യകത തുടങ്ങിയ വിവിധ വിഷയങ്ങൾ ചർച്ചയിൽ ഉൾപ്പെടുത്തി. വിജ്ഞാന വിനിമയത്തിന് വിലപ്പെട്ട വേദി പ്രദാനം ചെയ്ത പരിപാടി വിദ്യാഭ്യാസ പുരോഗതിയിൽ ഗവേഷണത്തിന്റെയും നവീകരണത്തിന്റെയും പ്രാധാന്യം എടുത്തുകാട്ടി.

# എ ഐ ലോകത്തെ സ്കൂളിംഗ്: പുനർചിന്തനമൊരുക്കി ഫാറൂഖ് ട്രെയ്നിംഗ് കോളേജ്




ഫറോക്ക് : 'റീ തിങ്കിംഗ് ദ സ്കൂൾ: മെഷീൻ, ലേർണിംഗ് ആൻഡ് തിങ്കിംഗ്' എന്ന വിഷയത്തെ വിദ്യാർത്ഥികൾക്ക് മുന്നിൽ അവതരിപ്പിച്ച് ഫാറൂഖ് ട്രെയ്നിംഗ് കോളേജ്.

2024 ഡിസംബർ 4 തിങ്കളാഴ്ച എം എഡ് അസോസിയേഷൻ ഹാളിൽ വെച്ചായിരുന്നു പരിപാടി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സമൂഹത്തിൽ ചെലുത്തുന്ന മാറ്റങ്ങളെ ചൂണ്ടി കാണിച്ചു കൊണ്ട്, അധ്യാപകൻ ഡോ. ജൗഹർ മുനവിർ സ്വാഗതഭാഷണം നടത്തി.

യൂണിവേഴ്സിറ്റി ഫിലോസഫി അധ്യാപകനായ പ്രൊഫ ഡോ. ടി വി മധു, AI യുടെ കടന്നുവരവും മൂല്യങ്ങളുടെ പിന്നോക്കാവസ്ഥയും പുതുതലമുറയുടെ ആർട്ടിഫിഷ്യൽ ഇന്റലിജിൻസിനോടുള്ള സമീപനങ്ങളും ചിന്തകളിലുണ്ടാവുന്ന മാറ്റങ്ങളെക്കുറിച്ചും വിദ്യാർത്ഥികളോട് സംവദിച്ചു. അധ്യാപിക ഡോ ഇർഷാന ഉള്ളാടൻ, ഫാറൂഖ് ട്രെയ്നിംഗ് കോളേജ് യൂണിയൻ ചെയർമാൻ ഡിജോ ജോസ് എന്നിവർ പരിപാടിയിൽ സംസാരിച്ചു.

# ഡാറ്റ അനാലിസിസ് വർക്ക്ഷോപ്പ് സംഘടിപ്പിച്ച് റിസർച്ച് അസോസിയേഷൻ




ഫറോക്ക്: 29/11/2024 വെള്ളിയാഴ്ച ഫാറൂഖ് ട്രെയ്നിംഗ് കോളേജ് റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ എംഎംഐ ഹാളിൽ ഡാറ്റാ അനാലിസിസിനെക്കുറിച്ചുള്ള ഏകദിന ശില്പശാല വിജയകരമായി നടത്തി. സമകാലിക ഗവേഷണ രീതികളുടെ നിർണായക ഘടകമായ ഡാറ്റാ വിശകലനത്തിൽ പങ്കാളികളുടെ അറിവും വൈദഗ്ധ്യവും വർധിപ്പിക്കാനാണ് ഇവന്റ് ലക്ഷ്യമിടുന്നത്. റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ സെക്രട്ടറി ശ്രീമതി ജൂലീന റോഷിയുടെ സ്വാഗതത്തോടെയാണ് ശില്പശാല ആരംഭിച്ചത്. അക്കാദമിക് ഗവേഷണത്തിൽ ഡാറ്റാ വിശകലനത്തിന്റെ പ്രാധാന്യവും ശിൽപശാലയുടെ ലക്ഷ്യങ്ങളും ഊന്നിപ്പറഞ്ഞുകൊണ്ടാണ് അവർ സദസ്സിനെ സ്വാഗതം ചെയ്തത്. ഗവേഷണ കോർഡിനേറ്റർ ഡോ. ഉമ്മർ ഫാറൂഖ് ടി.കെ അധ്യക്ഷ പ്രസംഗം നടത്തി. ഡാറ്റാധിഷ്ഠിത ഗവേഷണത്തിന്റെ പ്രാധാന്യം അദ്ദേഹം എടുത്തുകാണിക്കുകയും അവരുടെ ഗവേഷണ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനായി വിശകലന സാങ്കേതിക വിദ്യകളിൽ ശക്തമായ അടിത്തറ വികസിപ്പിക്കാൻ പങ്കാളികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പ്രിൻസിപ്പൽ ഇൻചാർജ് പ്രൊഫ. (ഡോ) മുംതാസ് എൻ.എസ്. ശില്പശാല ഔപചാരികമായി ഉദ്ഘാടനം ചെയ്തു. വികസിച്ചുകൊണ്ടിരിക്കുന്ന വിശകലന ഉപകരണങ്ങളും സാങ്കേതിക വിദ്യകളും ഉപയോഗിച്ച് റിസർച്ചേസ് മുന്നേറേണ്ടതിന്റെ ആവശ്യകത ഉദ്ഘാടന പ്രസംഗത്തിൽ പറയുകയുണ്ടായി.

വിദഗ്ധരായ റിസോഴ്സ് പേഴ്സണുകളുടെ ഉൾക്കാഴ്ചയുള്ള സെഷനുകൾ ശില്പശാലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്: ഡോ. മുനീർ വി. (അസിസ്റ്റന്റ് പ്രൊഫസർ, എഫ്ടിസി), ശ്രീമതി ഷബാനത്ത് .എം (റിസർച്ച് സ്കോളർ), ശ്രീമതി സീനത്ത് പി വൈ. (റിസർച്ച് സ്കോളർ) തുടങ്ങിയവർ സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റ വിശകലനത്തെക്കുറിച്ചുള്ള വിശദമായ അവതരണവും വിപുലമായ സ്റ്റാറ്റിസ്റ്റിക്കൽ കമ്പ്യൂട്ടേഷനുകൾക്കായി SPSS പ്രദർശിപ്പിക്കുകയും ചെയ്തു. സാമ്പിൾ ഡാറ്റാസെറ്റുകൾ ഉപയോഗിച്ച് പഠിച്ച ആശയങ്ങൾ പങ്കാളികൾ പ്രയോഗിക്കുന്ന ഹാൻഡ്-ഓൺ സെഷനുകൾ വർക്ക്ഷോപ്പിൽ അവതരിപ്പിച്ചു. ഈ സംവേദനാത്മക സെഷനുകൾ സ്റ്റാറ്റിസ്റ്റിക്കൽ, വിഷ്വലൈസേഷൻ ടൂളുകളെക്കുറിച്ചുള്ള അവരുടെ ധാരണ മെച്ചപ്പെടുത്തി, ഡാറ്റ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള പ്രായോഗിക എക്സ്പോഷർ അവർക്ക് നൽകി.

റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ശ്രീമതി റസീന എംകെ നന്ദി പറഞ്ഞുകൊണ്ട് ശിൽപശാല സമാപിച്ചു.

## നേട്ടങ്ങൾ



നവംബർ 5 മുതൽ 14 വരെ ദേവനഗരെ സർവകലാശാല കർണ്ണാടകയിൽ വെച്ചു നടന്ന സൗത്ത് സോൺ പ്രീ റിപ്പബ്ലിക് ഡേ ക്യാമ്പിൽ കാലിക്കറ്റ് സർവകലാശാലയെ പ്രതിനിധീകരിച്ച് പങ്കെടുക്കാൻ രണ്ടാം വർഷ ബി.എഡ്. ഫിസിക്കൽ സയൻസ് വിദ്യാർത്ഥി ബിജിൻ ഷിഫാസ് തിരഞ്ഞെടുക്കപ്പെട്ടു.

ബിജിൻ ഷിഫാസിന്റെ ഈ നേട്ടം എൻ.എസ്.എസ്. നും കോളേജിനും അഭിമാനകരമാണ്.ദേശീയതലത്തിൽ കോളേജിന്റെ പേര് ഉയർത്തിയ ബിജിന് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

# 'വീട്ടിലിരുന്നും വരുമാനം നേടാം' പദ്ധതി തുടങ്ങി




ഫറോക്ക്: വനിതകൾക്കായി സ്വയം തൊഴിൽ യൂണിറ്റുകൾ രൂപീകരിക്കാൻ ലക്ഷ്യമിട്ട് ഫാറൂഖ് ട്രെയ്നിംഗ് കോളേജ് എൻ.എസ്.എസ്. ആവിഷ്കരിച്ച വീട്ടിലിരുന്നും വരുമാനം നേടാം പദ്ധതി മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു.

കല്ലംപാറ നവപഥം ഗ്രന്ഥാലയവുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ ഫറോക്ക് നഗരസഭയിലെ 20, 21, 22, 23 ഡിവിഷനുകളിലെ വീട്ടമ്മമാരെ ഉൾപ്പെടുത്തി ചുരുങ്ങിയത് 10 തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതിയാണിത്. ചടങ്ങിൽ ഫറോക്ക് നഗരസഭാധ്യക്ഷൻ എൻ സി അബ്ദുൽ റസാക്ക് അധ്യക്ഷനായി. ബ്ലോക്ക് വ്യവസായ കേന്ദ്രം പരിശീലക ടി.പി. സുമ ക്ലാസെടുത്തു. നഗരസഭാ കൗൺസിലർമാരായ കെ കമറുലൈല, കെ രാധാകൃഷ്ണൻ, എൻ.എസ്.എസ്. ജില്ലാ കോർഡിനേറ്റർ ഫസീൽ അഹമ്മദ്, നവപഥം ഗ്രന്ഥാലയം സെക്രട്ടറി ഇർഷാദ് കല്ലംപാറ, ഡോ.റിഷാദ് കോലോത്തുംതൊടി, വളന്റിയർ സെക്രട്ടറിമാരായ കെ പി സമീന, വി പി മുഹമ്മദ് സിയാദ് തുടങ്ങിയവർ സംസാരിച്ചു.

# വുഷു ചാമ്പ്യൻഷിപ്പിൽ നന്ദനയുടെ സ്വർണതിളക്കം.



കോഴിക്കോട് വി.കെ. കൃഷ്ണമേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന സംസ്ഥാന സീനിയർ വുഷു ചാമ്പ്യൻഷിപ്പിൽ, ഒന്നാം വർഷ ബി.എഡ് മലയാളം വിദ്യാർത്ഥിനി നന്ദന കെ.ഇ വ്യക്തിഗത വിഭാഗത്തിൽ സ്വർണം കരസ്ഥമാക്കി.


തുടർന്ന്, സെപ്റ്റംബർ 21 മുതൽ 26 വരെ ഉത്തരാഖണ്ഡിലെ ഡെറാഡൂണിൽ നടന്ന 2024-25 സീനിയർ നാഷണൽ വുഷു ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത നന്ദന, മത്സരത്തിൽ മികച്ച പ്രകടനം കാഴ്ച വെച്ചു. ഫാറൂഖ് ട്രെയ്നിംഗ് കോളേജിലെ ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥിനിയാണ് നന്ദന.

## അഭിനന്ദനങ്ങൾ



ജോയിന്റ് സി. എസ്.ഐ. ആർ യു. ജി. സി നെറ്റ് 2024 പരീക്ഷയിൽ ഓൾ ഇന്ത്യാ റാങ്കുമായി ഒന്നാം വർഷ വിദ്യാർത്ഥിനി ഫിദ റഷീദ്. ഓൾ ഇന്ത്യാ തലത്തിൽ 61ാം റാങ്കാണ് ഫിദ കരസ്ഥമാക്കിയത്.

# NEXUS : A Brief History of Information Networks from the Stone Age to AI
# ഒരു നോൺ -ഫിക്ഷൻ ഗ്രന്ഥം




NEXUS: A Brief History of Information Networks from the Stone Age to AI എന്ന പുസ്തകം പ്രസിദ്ധ എഴുത്തുകാരനായ യുവൽ നോഹ ഹരാരിയുടെ സെപ്റ്റംബർ 2024-ൽ പ്രസിദ്ധീകരിച്ച ഒരു നോൺ-ഫിക്ഷൻ ഗ്രന്ഥമാണ്.

വിവര ശൃംഖലകളുടെ ഉല്പത്തിയും വികാസവും ആധുനിക സാങ്കേതിക യുഗത്തിലെ കൃത്രിമ ബുദ്ധിയിലേക്ക് എങ്ങനെയാണ് മാറിയതെന്നും ആഴത്തിൽ പരിശോധിക്കുന്ന ഈ കൃതി വിവര സംവേദനത്തിന്റെ ചരിത്രത്തിലേക്ക് ഒരു മനോഹരമായ യാത്രയാണ്. AI ഒരിക്കലും മനുഷ്യർ പുറത്ത് നിൽക്കുന്ന 'മനുഷ്യേതരമായ' ഒന്നല്ല എന്നതിൽ ഹരാരി ഊന്നുന്നു.

ഹരാരിയുടെ അഭിപ്രായത്തിൽ മനുഷ്യബന്ധങ്ങളെ കൂട്ടിച്ചേർക്കുന്നതിൽ മതഗ്രന്ഥങ്ങൾക്കുള്ള പങ്ക് പോലെ AI യും പ്രധാന പങ്ക് വഹിക്കുന്നുണ്ട്. AI യുടെ പുരോഗതി ഭാവിലോകത്ത് അസംതുലിതാവസ്ഥയും അസമത്വവും കൊണ്ടുവരുമോ എന്ന ആശങ്ക പ്രകടിപ്പിച്ചു കൊണ്ട് അവസാനിക്കുന്ന ഈ പുസ്തകത്തിൽ, AI അവകാശപ്പെടുന്ന ഭാവിയിലെ സാമ്പത്തിക ഭദ്രതയെ വിമർശനാത്മകമായി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

# അഭിനന്ദനപത്രം നൽകി



കോഴിക്കോട് ജില്ലാ ശുചിത്വ മിഷനും നാഷണൽ സർവീസ് സ്കീമും നടപ്പിലാക്കിയ ടോയ്‌ലറ്റ് സ്പീക്സ് ക്യാമ്പയിനിൽ മികച്ച പ്രകടനം കാഴ്ചവെച്ച ഫാറൂഖ് ട്രെയ്നിംഗ് കോളേജ് എൻ.എസ്. എസ് യൂണിറ്റിനുള്ള പ്രശ്സതി പത്രം ശുചിത്വ മിഷൻ സംസ്ഥാന എക്സിക്യൂട്ടിവ് ഡയറക്ടർ ശ്രീ യു.വി ജോസ് ഐ.എ.എസ് നിന്നും ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്റർ ശ്രീ ഗൗതമൻ കെ.എ.എസ് ന്റെ സാന്നിധ്യത്തിൽ എൻ.എസ്.എസ് വളണ്ടിയർ ഷാദിൽ, പ്രോഗ്രാം ഓഫീസർ ഫസീൽ അഹമ്മദ് എന്നിവർ ഏറ്റുവാങ്ങി .

# ആർത്തവ ശുചിത്വ സെമിനാർ സംഘടിപ്പിച്ചു




ഫാറൂഖ് ട്രെയ്നിംഗ് കോളേജ് വുമൺ സെല്ലിന്റെയും എൻ എസ് എസ് യൂണിറ്റ് (263) ന്റെയും അദ്വയ സ്റ്റുഡന്റ്സ് യൂണിയന്റെയുംആഭിമുഖ്യത്തിൽ ഫാറൂഖ് ട്രെയ്നിംഗ് കോളേജ് വിദ്യാർത്ഥികൾക്കായി 'ആരോഗ്യകരമായ ആർത്തവം, ആരോഗ്യമുള്ള ജീവിതം: ആർത്തവ ശുചിത്വത്തിന്റെ പ്രാധാന്യം'എന്ന വിഷയത്തിൽ ആർത്തവ ശുചിത്വ സെമിനാർ സംഘടിപ്പിച്ചു.

ലൈഫ് സ്റ്റൈൽ-ഹെൽത്ത് ആൻഡ് വെൽനെസ്സ് കോച്ച്, ആയുർവേദ ഫിസിഷ്യൻ ഡോ. അനുശ്രീ ആർ ന്റെ നേതൃത്വത്തിൽ ആയിരുന്നു സെമിനാർ നടന്നത്. ഫാറൂഖ് ട്രെയ്നിംഗ് കോളേജ് വുമൺ സെൽ മെമ്പർ അഞ്ജന കെ എസ് സ്വാഗതം ചെയ്ത പരിപാടിക്ക് ഫാറൂഖ് ട്രെയ്നിംഗ് കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. (ഡോ.) ടി. മുഹമ്മദ് സലീം, എൻ എസ് എസ് പ്രോഗ്രാം ഓഫീസർ ഫസീൽ അഹമ്മദ്, ഐ ക്യു എ സി കോർഡിനേറ്റർ ഡോ. നിരഞ്ജന കെ പി, വുമൺ സെൽ കോർഡിനേറ്റർ ഡോ. ഇർഷാന ഷഹനാസ് ഉള്ളാടൻ എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. വളരെ പ്രയോജനകരമായ ഈ സെമിനാറിന് വുമൺ സെൽ മെമ്പർ അലീഷ സിബി നന്ദി അറിയിച്ചു.

# അധ്യാപനത്തിനിടയിലും മികച്ച വിദ്യാർത്ഥിനിയാണ് എന്ന് തെളിയിച്ച് നിരഞ്ജന ടീച്ചർ



ഫാറൂഖ് ട്രെയ്നിംഗ് കോളേജിലെ അധ്യാപികയും ഐ.ക്യൂ. എ.സി കോർഡിനേറ്ററും ആയ ഡോ.നിരഞ്ജന കെ. പി കാലിക്കറ്റ് സർവകലാശാലയിലെ എം. എ സോഷ്യോളജി പരീക്ഷയിൽ ഏഴാം റാങ്ക് കരസ്ഥമാക്കി. കാലിക്കറ്റ് സർവ്വകലാശാലയിലെ വിദൂര വിദ്യാഭ്യാസത്തിന് കീഴിൽ സാമൂതിരി ഗുരുവായൂരപ്പൻ കോളേജിലാണ് നിരഞ്ജന കെ പി സോഷ്യോളജി ബിരുദാനന്തര ബിരുദ പഠനം നടത്തിയത്.

# എഫ് ടി സി യിൽ പി.എസ്.സി മധുരം : ബി എഡ് വിദ്യാർത്ഥി അഫീഫയ്ക്ക് യു പി അധ്യാപികയായി നിയമനം



ഫാറൂഖ് ട്രെയ്നിംഗ് കോളേജ് ഒന്നാം വർഷ മലയാളം വിദ്യാർത്ഥിനി അഫീഫ ജാസ്മിന് കേരള പി. എസ്. സി പരീക്ഷയിൽ യു പി ടീച്ചറായി നിയമനം ലഭിച്ചു . ബി.എഡ് വിദ്യാർത്ഥിനി കൂടിയായ അഫീഫ പഠനത്തിനിടയിലാണ് ഈ സ്വപ്നനേട്ടം കൈവരിച്ചത്.

പി.എസ്.സി. പോലുള്ള പരീക്ഷകളിൽ വിജയത്തിന് മറ്റെല്ലാം മാറ്റിവെച്ചുകൊണ്ടുള്ള തുടർച്ചയായ പ്രയത്നവും ത്യാഗവും ആവശ്യമാണ് എന്നുള്ള പൊതുവായ വിശ്വാസത്തിനു പകരം, ഒരു സന്തുലിതമായ സമീപനത്തിലാണ് അഫീഫ വിശ്വസിക്കുന്നത്. ഇതൊന്നുമല്ല, മറിച്ച് ചിട്ടയായ പരിശീലനവും എന്തും അന്വേഷിച്ച് കണ്ടെത്താനുള്ള മനസ്സും ചുറ്റും നടക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അവബോധവും സമയത്തിനനുസരിച്ച് പരീക്ഷ നല്ല രീതിയിൽ എഴുതാനുള്ള വിദഗ്ധ പരിശീലനവുമാണ് വേണ്ടത് എന്ന നിലപാടാണ് അഫീഫക്ക്.അറിവും, വിനോദവും ലോകജ്ഞാനവും ഒരുമിച്ച് ചേർത്ത് പിടിച്ച്, എഴുതാൻ പോകുന്ന പരീക്ഷയെ കുറിച്ചുള്ള വ്യക്തമായ ധാരണയാണ് ഒരാൾക്ക് വേണ്ടതെന്ന് അഫീഫ ഊന്നിപറയുന്നു.

യാത്ര അനുഭവം

# ചൂരൽമല - മുണ്ടക്കൈയിലെ അതിശയിപ്പിക്കുന്ന അതിജീവിതർ



**അഫീഫ് തറവട്ടത്ത്**

യാത്രകൾക്ക് ശേഷം കുറിപ്പെഴുതൽ പതിവല്ലെങ്കിലും ഇത്തവണ കണ്ട കാഴ്ചകളും അനുഭവങ്ങളും വിളിച്ചു പറയാതിരിക്കാൻ മനസ്സ് സമ്മതിക്കുന്നില്ല. വായിച്ചു നീങ്ങുമ്പോൾ ഈ കുറിപ്പ് അൽപം നീണ്ടുപോയി എന്ന് തോന്നുന്നവരോട് ആദ്യമേ പറയാം അവരനുഭവിക്കുന്ന വേദനകളുടെ ആയിരത്തിലൊന്ന് പോലും പ്രതിഫലിപ്പിക്കാൻ ഈ വരികൾ അപര്യാപ്തമാണ്.

ഫാറൂഖ് ട്രെയ്നിംഗ് കോളേജിന്റെ വയനാട് പുനരധിവാസ പദ്ധതിയുടെ മൂന്നാം ഘട്ടമായി പ്രളയാനന്തരം മേപ്പാടി സ്കൂളിലേക്ക് പറിച്ചുനട്ട ചൂരൽമല സ്കൂളിന്റെ അവസ്ഥ പഠിക്കാൻ പോയതായിരുന്നു ഞാനും ലബീബയും.

സുഹൃത്തും സാമൂഹ്യ പ്രവർത്തകയുമായ നർഗീസ് ബീഗമാണ് സ്കൂൾ അധികൃതരെ കണക്ട് ചെയ്തത്. ഉരുളെടുത്ത ചൂരൽമല സ്കൂളിലെ പ്രിയപ്പെട്ട കുട്ടികളുടെ ഓർമകൾ ഹൃദയം പൊട്ടിക്കരഞ്ഞു കൊണ്ട് പങ്കുവെച്ച് നമ്മുടെയെല്ലാം കരളലിയിച്ച ഉണ്ണിമാഷിനെ കണ്ടു. ചൂരൽമലയിലെ പ്രകൃതിയും കുട്ടികളും അധ്യാപകരും നാട്ടുകാരും ഒത്തുചേർന്ന് സ്വർഗമാക്കിയ പുഴക്കരയിലെ അതേ സ്കൂളിൽ നാളെയൊരുനാൾ വീണ്ടും അതിജീവനത്തിന്റെ തുടിപ്പും അടയാളവുമായി തിരിച്ചു പോകണമെന്നാണ് മാഷിന്റെയും ബാക്കിയായ കുട്ടികളുടെയും ആഗ്രഹം.

സ്കൂളിലേക്കും തുടർന്ന് ഉച്ചയോളം വിവിധയിടങ്ങളിലും ഞങ്ങളെ കൊണ്ടുപോയത് പി.ടി.എ. പ്രസിഡന്റും പൊതു പ്രവർത്തകനുമായ നജീബ്ക്കയായിരുന്നു.

ദുരന്തത്തിൽ പതിമൂന്നോളം കുടുംബാംഗങ്ങളെ നഷ്ടപ്പെട്ട ഒരു മനുഷ്യൻ, തന്റെ പെങ്ങളുടേതെന്ന് കരുതിയ ഖബർ ഇന്നലെ വന്ന DNA ഫലത്തിന്റെ അടിസ്ഥാനത്തിൽ മറ്റൊരാളുടേതാണെന്നറിഞ്ഞ ആഘാതം ഒട്ടുമേ പുറത്ത് കാണിക്കാതെ ഞങ്ങൾക്കൊപ്പം സ്കൂൾ കുട്ടികളുടെ കാര്യത്തിനായി ഓടി നടന്ന വല്ലാത്തൊരു മനുഷ്യൻ. സ്വന്തം പെങ്ങളുടെ കുഴിമാടത്തിന്റെ നമ്പർ കിട്ടിയ ശേഷം അവരുടെ ഖബർ തിരയാൻ ഞങ്ങളും പോയി 'മയ്യത്തുകുന്ന്' എന്ന പൊതുശ്മശാനത്തിലേക്ക്. കൂടപ്പിറപ്പിനായി തയ്യാറാക്കിയ മീസാൻകല്ല് നാട്ടാൻ അവളുടെ ഖബറിടം തേടി നടക്കുന്ന ഒരാളുടെ നിസഹായത. അതിനിടയിലാണ് കുഴിമാടങ്ങൾക്കിടയിലൂടെ ഓടിക്കളിച്ചു കൊണ്ടിരുന്ന മൂന്നോ നാലോ വയസു തോന്നിക്കുന്ന പെൺകുട്ടി കരയാനാരംഭിച്ചത് - നജീബ്ക്ക അവളെ കോരിയെടുത്തു - പ്രധാനമന്ത്രിയുടെ താടി പിടിച്ചു വലിച്ച കൊച്ചുമിടുക്കി - അവളുടെ ബാപ്പയെയും സഹോദരങ്ങളെയും മറ്റു കുടുംബാംഗങ്ങളെയും ഉരുളെടുത്തു.തൊട്ടപ്പുറത്ത് അവളുടെ ഉമ്മ ഭർത്താവിന്റെ ഖബറിൽ തല വെച്ച് നെഞ്ചുരുകി കരയുന്നു. ഐസ്ക്രീം വേണമെന്നാവശ്യപ്പെട്ട് അവളും കരച്ചിൽ തുടരുന്നു - കരച്ചിലിന്റെ രണ്ട് ഭാവങ്ങൾ. മരണത്തിന്റെ മലവെള്ളപ്പാച്ചിലിൽ ആയുസ്സിന്റെ ഏതോ കച്ചിത്തുരുമ്പിൽ പിടിച്ച് ജീവിതത്തിലേക്ക് കയറി വന്ന രണ്ട് പേരുടെ കണ്ണീരു കൊണ്ട് നനയുന്ന ഖബറുകൾ. കാറിലുണ്ടായിരുന്ന മിഠായിയും ഓറഞ്ചും കൊടുത്തപ്പോൾ കുഞ്ഞ് കരച്ചിൽ നിർത്തി,

കണ്ണീരുപുരണ്ടൊരു സ്നേഹമുത്തം എനിക്ക് തിരിച്ചും തന്നു. ജീവിതത്തിലാദ്യമായി ഖബർസ്ഥാനിൽ വെച്ച് കിട്ടിയ അമൂല്യമായൊരു സ്നേഹസമ്മാനം. ഞാൻ മണ്ണ് പുതച്ചു കിടക്കുന്ന അവളുടെ ബാപ്പായെയും സഹോദരങ്ങളെയും ഓർത്തു. ഇന്നലെകളിൽ അവൾ കുഞ്ഞുമ്മകൾ കൊണ്ട് മൂടിയ പ്രിയ മുഖങ്ങൾ.

'മയ്യത്തും കുന്നിൽ' 30/7/24 എന്ന ഒരേ മരണദിനം ചാർത്തിയ തലക്കല്ലുകൾക്ക് താഴെ ജാതി-മത-ലിംഗ-പ്രായ വ്യത്യാസമില്ലാതെ എല്ലാവരും മണ്ണു പുതച്ചു കിടക്കുന്നു. എല്ലാവർക്കും ഒരേ മരണദിനം. നിലവിളിയോടെ പറിഞ്ഞു പോയ പ്രാണനൊപ്പം നിത്യ നിശബ്ദതയിലേക്ക് ചേക്കേറിയ നിസ്സഹായരായ മനുഷ്യർ.

ഒരു കുഴിമാടത്തിൽ കവറുപൊട്ടിക്കാത്ത മൂന്ന് ചോക്ക്ലേറ്റുകൾ വെച്ചിട്ടു പോയിരിക്കുന്നു. ഒരേ വീട്ടിലെ 3 സഹോദരങ്ങൾ. ഒമ്പതും ഏഴും നാലും വയസ്സുള്ള അവർ ഒരേ കുഴിമാടത്തിൽ നിത്യനിദ്ര കൊള്ളുന്നു. സ്കൂളിലെ സഹപാഠികളും സുഹൃത്തുക്കളും ഏതോ ആഘോഷ ദിവസത്തിൽ വെച്ചിട്ടു പോയതാണത്രേ. കൂടെയോടിക്കളിച്ച കൂട്ടുകാർക്കുള്ള വിഹിതം.

ഓർമയിലലിഞ്ഞു പോവാത്ത സൗഹൃദത്തിന്റെ മധുരമിഠായികൾ.

ഇനിയും കണ്ടുകിട്ടാത്ത അമ്പതോളം പേരെക്കാത്തിരിക്കുന്ന മയ്യത്ത് കുന്നിറങ്ങി,ആളും ആരവുമൊഴിഞ്ഞ ചൂരൽമലയോട് യാത്ര പറയുമ്പോൾ മനസ്സുനിറയെ അഭിമാനവും പ്രതീക്ഷയുമാണ് ബാക്കിയായത്.

ഉരുൾ ഇരുൾവീഴ്ത്തിയ ദുർഘട ജീവിതാവസ്ഥയിലും അവനവന്റെ ദുഖങ്ങളും പ്രയാസങ്ങളും പ്രശ്നങ്ങളും മാറ്റി വെച്ച് മറ്റുള്ളവർക്കു വേണ്ടി ഓടി നടക്കുന്ന കുറേ 'മനുഷ്യർ' ബാക്കിയുണ്ടിവിടെ. അമ്പലവും, പള്ളിയും കൊടി നിറങ്ങളും മനസ്സുകൾക്കിടയിൽ മതിലുകെട്ടാത്ത സാധാരണ മനുഷ്യർ. മേപ്പാടിയിൽ നിന്നും ചൂരൽമലയിൽ നിന്നും ചായ കുടിച്ചിട്ട് പോയാൽ മതിയെന്ന് നിർബന്ധിച്ച് അനുസരിപ്പിച്ചവർ. അവർ ഈ നാടിനെ കൈപിടിച്ചുയർത്തുക തന്നെ ചെയ്യും. തുടരുന്ന പിന്തുണയായി കൂടെ നിൽക്കാൻ നാം തയ്യാറുണ്ടോയെന്ന് ഓരോരുത്തരും അവനവന്റെ മനസാക്ഷിയോട് ചോദിക്കുക.

## വിദ്യാർത്ഥി കർഷക പുരസ്കാരം



രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ ഈ വർഷത്തെ മികച്ച വിദ്യാർത്ഥി കർഷക പുരസ്കാരം നേടിയ രണ്ടാം വർഷ ബിഎഡ് വിദ്യാർഥി ആവണി.പി.കെ-ക്ക് അഭിനന്ദനങ്ങൾ.

ആവണിയുടെ ഈ നേട്ടം കോളേജിനും എൻ.എസ്.എസിനും അഭിമാനകരമാണ്. കഠിനാധ്വാനവും സമർപ്പണവും കൊണ്ട് ഈ അംഗീകാരം നേടിയ ആവണി എല്ലാ വിദ്യാർത്ഥികൾക്കും ഒരു മാതൃകയാണ്.

## ജെ.ആർ.എഫ് വിജയത്തിളക്കത്തിൽ വിദ്യാർത്ഥികൾ : ഫാറൂഖ് ട്രെയ്നിംഗ് കോളേജിന് ഇത് അഭിമാന നിമിഷം





ഈ വർഷത്തെ യു. ജി. സി നെറ്റ് പരീക്ഷയിൽ മികച്ച മാർക്ക് നേടി ജെ. ആർ. എഫ് എന്ന കടമ്പ കടന്ന് ഫാറൂഖ് ട്രെയ്നിംഗ് കോളേജിലെ വിദ്യാർത്ഥികൾ. ഒന്നാം വർഷ ബി എഡ് വിദ്യാർത്ഥിനി അഹ്ബ മുഹമ്മദ് ലൈഫ് സയൻസിലും, രണ്ടാം വർഷ എം എഡ് വിദ്യാർത്ഥി അരുൺ രാജ് എഡ്യൂക്കേഷനിലും ആണ് JRF നേടിയത്.

ദൃഢനിശ്ചയവും, ആത്മസമർപ്പണവും കൃത്യമായ അച്ചടക്കവുമാണ് തന്നെ ഈ വിജയത്തിൽ എത്തിച്ചെതെന്ന് അഹ്ബ മുഹമ്മദ് വെളിപ്പെടുത്തി. നിങ്ങളുടെ നൂറു ശതമാനവും നിങ്ങളുടെ ലക്ഷ്യത്തിലേക്ക് നൽകാനും അതിനായി വ്യക്തമായ ആസൂത്രണത്തോടെ പഠിക്കാനും അഹ്ബ പറയുന്നു.

മിന്നൽ കഥ



## ചിറകുകൾ

പി. കെ. പാറക്കടവ്

തത്തക്കൂട് പോലെ മനുഷ്യക്കൂടുമുണ്ട്.

ഭരണാധികാരികൾ എത്രയെത്ര മനുഷ്യരെയാണ് ചിറകുകൾ അരിഞ്ഞ് കൂട്ടിലിട്ട് പാലും പഴവും നൽകി വളർത്തുന്നത്.

അവർ ചിറകടിക്കുന്നതേയില്ല.

## NET ACHIEVERS



**HIBA V**
English
First year B.Ed.



**AFEEDA O**
English
First year B.Ed




**MURALIKA KS**
MALAYALAM
First year B.Ed




**FATHIMA JEBIN P.M**
Malayalam
First year B.ed



**ATHIRA K**
Mathematics
First year B.Ed



**FAIHA AMEENA T**
Physical Science
First year B Ed



**ADHITYA P**
English
First year B.Ed



**JAZLY THAJ PP**
M.Ed 2nd year
Net ( Education)



**RIFA ODAKKAL**
Net-EVS
Natural Science

### QUALIFIED FOR PHD ADMISSION



**MUHAMMED FASIL T**
M.Ed 2nd year
Education

## GK HUB

1. **സംസ്ഥാന ഉപ ലോകായുക്തരായി നിയമിതരാവുന്നത് ?**
   - ജസ്റ്റിസ് അശോക് മേനോൻ, ജസ്റ്റിസ് വി ഷെർസി.
2. **ബഹിരാകാശ ഏജൻസിയായ നാസയുടെ അടുത്ത മേധാവി ?**
   - ജറേഡ് എസ്ക്മാൻ
3. **2024 ലെ ഇന്ദിരാഗാന്ധി സമാധാന പുരസ്കാരം സ്വന്തമാക്കിയത്?**
   - മിഷേൽ ബാച്‌ലെക്ക്
4. **ശരീരത്തെ അറിഞ്ഞ് ആരോഗ്യകരമായ ജീവിതത്തിനുള്ള ചികിത്സാ നിർദ്ദേശിക്കാൻ കേന്ദ്രസർക്കാർ പുറത്തിറക്കിയ ആപ്?**
   - പ്രകൃതി പരീക്ഷൺ ആപ് ലൈവ്
5. **2024 ഡിസംബറിൽ അന്തരിച്ച പുതുച്ചേരി മുൻ മുഖ്യമന്ത്രി?**
   - എം ഡി ആർ രാമചന്ദ്രൻ
6. **2024 ലെ U-19 ഏഷ്യാ കപ്പ് വിജയികൾ ആയത്?**
   - ബംഗ്ലാദേശ്
7. **അന്താരാഷ്ട്ര ചലച്ചിത്രം മേളയുടെ (IFFK) അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ ജൂറി ചെയർപേഴ്സൺ ആയി എത്തുന്നത്?**
   - ആഗ്നസ് ഗോദാർദ് ( ഫ്രഞ്ച് ഛായാഗ്രാഹക)
8. **സുസ്ഥിര വന്യജീവി വിനോദസഞ്ചാരമേഖലയിലെ നൂതന പദ്ധതികൾക്കുള്ള ടി ഒ എഫ് ടൈഗ്രേസിൻറെ സാംഗ്ച്വറി ഏഷ്യാ പുരസ്കാരം സ്വന്തമാക്കിയത്?**
   - കേരളം
9. **അടുത്തിടെ അന്തരിച്ച ഇന്ദു ചന്തോക് ഏത് കായിക മേഖലയിൽ പ്രശസ്തി നേടിയ വ്യക്തിയാണ്?**
   - മോട്ടർ സ്പോർട്സ്